# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കരുംകുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2218 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 02/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2218/2022

തീയ്യതി: 02/03/2023

# തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 07-12-2022 | 16-12-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-12-2022 | 16-12-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ശോശാമ്മ.എസ്, ഓഡിറ്റ് ഓഫീസർ (9.12.2022 മുതൽ)

ശ്രീമതി ലക്ഷ്മി.വി.എസ്.നായർ, ഓഡിറ്റ് ഓഫീസർ

ശ്രീമതി ബിന്ദുലത.ബി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രിയദർശിനി.എസ്.ആർ, ഓഡിറ്റർ
ശ്രീ.ദിനു.റ്റി.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചിഞ്ചു.എം | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ സന്തോഷ് കുമാർ.പി.ബി | സെക്രട്ടറി | 01-04-2021 | 06-09-2021 |
| ശ്രീ.സലിൽ.എ.സോണി | സെക്രട്ടറി | 07-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രാജപുഷ്പം.പി.ജെ | അഗ്രിക്കൾച്ചർ ഓഫീസർ | 01-04-2021 | 31-05-2021 |
| ശ്രീമതി രമ്യ.ആർ.എസ് | അഗ്രിക്കൾച്ചർ ഓഫീസർ | 01-06-2021 | 04-07-2021 |
| ശ്രീമതി ജിഷ്മ.ജി.എസ് | അഗ്രിക്കൾച്ചർ ഓഫീസർ | 05-07-2021 | 31-03-2022 |
| ശ്രീ.സുമിൽ.ബി.എസ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ഗിരിജ.ഒ | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദുകുമാരി.ഒ.വൈ | വി ഇ ഒ (സർക്കിൾ 1) | 01-04-2021 | 31-08-2021 |
| ശ്രീ.ജിനേഷ് | വി ഇ ഒ (സർക്കിൾ 1) | 01-09-2021 | 31-03-2022 |
| ശ്രീ.സമ്പത്ത് മോഹൻ | വി ഇ ഒ (സർക്കിൾ 2) | 01-04-2021 | 31-03-2022 |
| ശ്രീ.അരുൺ.ജെ.പ്രതാപ് | അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) | 01-04-2021 | 31-03-2022 |
| ശ്രീമതി ഉഷ.സി | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ലിൻഡാ ജോൺ | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ദീപ.എസ്.മണി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.റീന ശാന്തം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. സീമ മുരളി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.മംഗള.എസ് | മെഡിക്കൽ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ,അലോപ്പതി | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് യൂട്ടിലൈസേഷൻ | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്യാഷ് വെരിഫിക്കേഷൻ | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് റോഡ് നിർമ്മാണം - 19,65,580/- രൂപ തടസ്സം ചെയ്യുന്നു. | 1-8-1 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | വസ്തു നികുതി -റദ്ദാക്കിയ സാംഖ്യ രസീതയിലെ തുക സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-10 |
| 12 | 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല | 1-11-1 |
| 13 | നികുതി ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തു | 1-11-2 |
| 14 | വസ്തു നികുതിയിലെ ഇളവ് -അപാകതകൾ | 1-11-3 |
| 15 | മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികിതി പിരിച്ചെടുത്തിട്ടില്ല. | 1-11-4 |
| 16 | വസ്തു നികുതി അപാകതകൾ | 1-11 |
| 17 | മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 1-12 |
| 18 | FTEAOS ലൈസൻസ് - അപാകതകൾ | 1-13 |
| 19 | ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-14 |
| 20 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു. | 1-15 |
| 21 | തൊഴിൽ നികുതി - അപാകതകൾ | 1-16 |
| 22 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"- എന്നസൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല | 1-17 |
| 23 | പ്രവർത്തനരഹിതമായ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ - സർക്കാർ നിർദേശാനുസരണം ഡിസ്പോസ് ചെയ്യേണ്ടതാണ് | 1-18 |
| 24 | ജലജീവൻ മിഷൻ ഗാർഹിക കണക്ഷൻ നൽകൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല - 337500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 25 | കുടിവെള്ളക്കരം ഒടുക്കുന്നതിൽ കൃത്യത വരുത്തേണ്ടതാണ് | 1-20 |
| 26 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി നടപ്പാക്കൽ - സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ് | 1-21 |
| 27 | ഡെപ്പോസിറ്റ്/മുൻകൂർ തുക നൽകിയ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം/ധനവിനിയോഗ രേഖകൾ ലഭ്യമായില്ല – | 1-22 |

| | | |
|---|---|---|
| | 2717376/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | |
| 28 | പദ്ധതി നിർവ്വഹണം - നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-23 |
| 29 | ഓട ക്ലീനിംഗ് - യൂണിറ്റ് കോസ്റ്റ് പ്രകാരം ക്ലീനിംഗ് നടപ്പാക്കൽ പദ്ധതി നടത്തിപ്പിൽ അപാകതകൾ - 2226438/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 30 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-25 |
| 31 | ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നില്ല | 1-26 |
| 32 | റോഡ് റീസ്റ്റോറേഷൻ ചാർജ്ജസ് ഈടാക്കിയില്ല | 1-27 |
| 33 | പ്രവൃത്തിയിൽ നിന്നും പിൻവാങ്ങിയ കരാറുകാരൻ സമർപ്പിച്ച ഇ.എം.ഡി. തുക തനതു ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല | 1-28 |
| 34 | വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ തുക ചെലവഴിക്കാതെ തനതു അക്കൗണ്ടുകളിൽ നിലനിറുത്തിയിരിക്കുന്നു. | 1-29 |
| 35 | ബാധ്യതാ ഹെഡിലെ തുകകൾ ഒടുക്കാതെ തനത് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു. | 1-30 |
| 36 | 1.16 കോടിയുടെ മുൻകൂറുകൾ ക്രമീകരിക്കാനവശേഷിക്കുന്നു. | 1-31 |
| 37 | ഗ്രാമപഞ്ചായത്തിന്റെ ആദായത്തിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കുന്നു | 1-32 |
| 38 | ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-33 |
| 39 | ഐ.സി.ഡി.എസ്സ്. സൂപ്പർവൈസറുടെ പദ്ധതികൾ പൂർത്തിയാക്കാതെ അവശേഷിക്കുന്നു. | 1-34 |
| 40 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 154867/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-35 |
| 41 | ഗവ.എൽ.പി. സ്കൂൾ ഹാൾ വൈദ്യുതീകരണം -അപാകതകൾ 47493/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-36 |
| 42 | ചെലവഴിച്ച തുകയ്ക്ക് മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല-75190/- രൂപ തടസ്സപ്പെടുത്തുന്നു. | 1-37 |
| 43 | ആശുപത്രി സബ്സെന്ററർ വാടക-പദ്ധതി നടത്തിപ്പിലെ അപാകത- 7000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-38 |
| 44 | ലൈഫ് ഭവന പദ്ധതി-കരാർ കാലാവധി അവസാനിച്ചിട്ടും പണി പൂർത്തീകരിച്ചിട്ടില്ല. | 1-39 |
| 45 | ടേക്ക് എ ബ്രേക്ക് - 29.6 ലക്ഷം രൂപ ചെലവിൽ നവീകരിച്ച കെട്ടിടം പൂട്ടിയിട്ടിരിക്കുന്നു. - ചെലവു തുക തടസ്സം ചെയ്യുന്നു. | 1-40 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ  അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 20.02.2021 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് മുന്നിരുപ്പ് 22631990/-, വരവ് 338251000/-, ചെലവ് 352558400/-, ബജറ്റ് നീക്കിയിരുപ്പ് 8324590/-.

ബജറ്റ് നിയന്ത്രണം ഫലപ്രദമല്ല.

സ.ഉ.(സാധാ) നം.3291/2016 തസ്വഭവ തീയതി 02.12.2016ൽ നിർദ്ദേശിച്ച പ്രകാരം ബജറ്റ് നിയന്ത്രണത്തിനോ, പ്രതിമാസ ബജറ്റ് വിലയിരുത്തലിനോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി / ഭരണസമിതി തീരുമാനങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. പ്രതീക്ഷിത വരവ് ചെലവുകളിൽ വ്യത്യാസം ആവശ്യമായപ്പോൾ ഇതിലേക്കായി ബജറ്റ് പുതുക്കുകയോ, അനുപൂരക ബജറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. വിശദാംശം ചുവടെ.

എ) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (6), (8) പ്രകാരം ബജറ്റ് പ്രകാരം വകയിരുത്തിയതിലുമധികമായി ചെലവുകൾ ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമപഞ്ചായത്ത് വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി തുക ചെലവു ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ.

| ഹെഡ് | ഇൻകം & എക്സ്പന്റിച്ചർ പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| 2105001 എംപ്ലോയീസ് പി.എഫ്. കോൺട്രിബ്യൂഷൻ | 38472 | തുക വകയിരുത്തിയിട്ടില്ല |
| 2207101 അസാധാരണ ചെലവുകൾ | 2763791 | 100000 |
| 2308001 മറ്റു നടത്തിപ്പ്/ മെയിന്റനൻസ് ചെലവുകൾ | 1928379 | 1000000 |

ബി) വിവിധ ഹെഡുകളിലെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം. ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് | ഇൻകം & എക്സ്പന്റിച്ചർ പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| 110 നികുതി വരവ് | 3457384 | 5600000 |
| 130 വസ്തുവകകളിൽ നിന്നുള്ള വാടക വരവ് | 0 | 55000 |
| 140 ഫീ & യൂസർ ചാർജ്ജസ് | 430335 | 1235000 |
| 150 സെയിൽ & ഹയർ ചാർജ്ജസ് | 329760 | 690000 |
| 170 ഇൻകം ഫ്രം | 201309 | 500000 |

| | | |
|---|---|---|
| ഇൻവെസ്റ്റ്മെന്റ്സ് | | |
| 171 പലിശ | 80612 | 550000 |
| 180 മറ്റുവരവുകൾ | 81572 | 55000 |

സി) കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 214, കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 72,73,74 എന്നിവ അനുസരിച്ചു ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് വരുത്താൻ പാടില്ല. അങ്ങനെ ചെയ്യേണ്ടി വരുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പാസ്സാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ബജറ്റ് പുതുക്കുകയോ അനുപൂരക ബജറ്റ് പാസ്സാക്കുകയോ ചെയ്തിട്ടില്ല. ബജറ്റിനുള്ളിൽ ചെലവുകൾ നിയന്ത്രിക്കുന്നതിനും, അത്യാവശ്യമുള്ള ചെലവുകൾക്കായി ബജറ്റ് ഭേദഗതി വരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തിയിട്ടില്ല.

ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/12.12.2022) ഗ്രാമപഞ്ചായത്തിന്റെ 2021-22 ലെ ബജറ്റ് 18.03.2022 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിലൂടെ പുതുക്കിയിട്ടുള്ളതായി അറിയിച്ചു. ഭരണസമിതി പാസ്സാക്കിയ ബജറ്റ് പുതുക്കി നൽകേണ്ടതും ഭരണസമിതിയാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി അംഗീകരിക്കുന്നില്ല. ബജറ്റ് തയ്യാറാക്കുന്നതിലും നിയന്ത്രണം പാലിക്കുന്നതിലും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|
| 31.7.2022 | 30.06.2022 | - |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1) ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents ുമായി പൊരുത്തപ്പെടുന്നില്ല.

3. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2022 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4. 2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

5. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു.( വരവ് 193661633 ചെലവ് 206381493 )

6. വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല.

7. തൻവർഷ പദ്ധതികളിലൂടെ ആർജ്ജിച്ച റോഡുകൾ, നടപ്പാതകൾ തുടങ്ങിയ വിവിധ ആസ്തികൾ വാർഷിക കണക്കുകളിൽ (ആർ.പി. 38) ആസ്തിയാക്കി ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ- വിവിധ റോഡുകൾ, നടപ്പാതകൾ തുടങ്ങിയവ

8. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B5 (20669277) എന്നത് ഷെഡ്യൂൾ B16 (19689277) മായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം (9,80,000/- രൂപ) വിശദീകരിക്കേണ്ടതാണ്.

9. വിധവകളുടെ പെൺമക്കളുടെ വിവാഹധന സഹായമിനത്തിൽ ട്രഷറി ബിൽ ബുക്കിലൂടെ 1,80,000/- രൂപ പിൻവലിച്ചു കാണുന്നു. എന്നാൽ വാർഷിക കണക്കുകളിൽ 1,20,000/- രൂപ മാത്രമാണ് കാണിച്ചിരിക്കുന്നത്.

10. ആസ്തികളുടെ മൂല്യം കൃത്യമായി നിർണ്ണയിക്കുന്നതിനായി ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

11. പ്രീമൺസൂൺ പ്രവർത്തികൾക്കായി ട്രഷറി ബിൽ ബുക്കിലൂടെ ഗ്രാമപഞ്ചായത്ത് പിൻവലിച്ച 1,80,000/- രൂപ (ബിൽ നം. 46/30.03.2022) വരവ്/ചെലവ് കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

12. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ്സ് രജിസ്റ്റർ തുടങ്ങിയവ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈയിനങ്ങളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിശദാംശങ്ങൾ പരിശോധിക്കുവാൻ സാധിച്ചില്ല.

13. പദ്ധതി തുകയുടെ ചെലവു വിശദാംശങ്ങൾ വാർഷികകണക്കുകളും, സുലേഖ ചെലവു പത്രികയും, എസിആർ ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല

| | വാർഷിക കണക്കുകൾ (ആർ.പി. പ്രകാരം) | സുലേഖ പ്രകാരം | എസിആർ പ്രകാരം |
|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 22051952 | 21691952 | 21691952 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 13574114 | 13574114 | 16408727 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2606850 | 3062850 | - |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 636000 | 656000 | - |

14. എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ്, ചെലവു വിശദാംശം വാർഷിക കണക്കുകളും ക്യാഷ് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ക്യാഷ്ബുക്ക് പ്രകാരം | 322196 | 1225396 | 1547592 | 1546096 | 1496 |
| വാർഷിക കണക്കുകൾ പ്രകാരം | 322196 | 1195396 | 1517592 | 1516096 | 1496 |

15. സർക്കാർ പദ്ധതി തുക അനുവദിച്ചപ്പോൾ, ലൈഫ് വായ്പാ തിരിച്ചടവ് ഇനത്തിൽ ഉറവിടത്തിൽ നിന്നും വിവിധ ഗഡുക്കളായി ആകെ 32,85,334/- രൂപ കുറവു ചെയ്തിരുന്നു. പ്രസ്തുത തുകക്ക് സുലേഖയിൽ പദ്ധതി വരവ്/ചെലവ് രേഖപ്പെടുത്തിയില്ല. ആയതിനാൽ വായ്പാ തിരിച്ചടവ് നടത്താത്തതായി വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

16. മേൽ സമാനമായി അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ഇനത്തിൽ ഉറവിടത്തിൽ നിന്നും വിവിധ ഗഡുക്കളായി ആകെ 12,70,200/- രൂപ കുറവു ചെയ്തിട്ടുണ്ട്. പ്രസ്തുത തുകക്ക് സുലേഖയിൽ പദ്ധതികൾ ഉൾപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിലും പദ്ധതി വരവ്/ചെലവിൽ 12,70,200/- രൂപ കുറവായി രേഖപ്പെടുത്താനിടയായി.

17. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരുപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് ഇപ്രകാരം ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല.

18. I18 – 280100104 പ്രയർ പിരീഡ് ഇൻകം - പ്രോപ്പർട്ടി ടാക്സ് നോൺ റസിഡൻഷ്യൽ ബിൽഡിംഗ് ഹെഡിൽ 50296/- രൂപ കുറവു ചെയ്തിട്ടുണ്ട്. ഇപ്രകാരം ഡിമാന്റ് തുക കുറവ് ചെയ്തതിനു ആധാരമായ രേഖകൾ, ഭരണസമിതി തീരുമാനം തുടങ്ങിയവ ലഭ്യമല്ല.

19. വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല (ധനകാര്യപത്രികയിലെ)

| | ഡിമാന്റ് | കളക്ഷൻ (മുൻവർഷ മുൻകൂർ ഉൾപ്പെടെ) | ബാലൻസ് |
|---|---|---|---|
| റസിഡൻഷ്യൽ (കറന്റ്) | 2234241 | 1832649+23728 | 396757 |
| നോൺ റസിഡൻഷ്യൽ (കറന്റ്) | 516223 | 486419 | 31294 |
| റസിഡൻഷ്യൽ (അരിയർ) | 344330 | 180598 | 213576 |
| നോൺ റസിഡൻഷ്യൽ (അരിയർ) | 133858 | 32179 | 47112 |

20. തൊഴിൽ നികുതി (ജീവനക്കാർ) ടെ ഡി.സി.ബി. രജിസ്റ്റർ പരിശോധനക്കു ലഭ്യമായില്ല. ആയതിനാൽ ഈയിനത്തിലെ തുകകളുടെ ആധികാരികത ഉറപ്പാക്കാനായില്ല.

21. ലൈസൻസ് ഫീ, തൊഴിൽ നികുതി വ്യാപാരസ്ഥാപനങ്ങൾ എന്നീ വരവുകളുടെ രജിസ്റ്ററിൽ വാർഷിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിശദാംശങ്ങൾ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിലെ തുകകളുടെ ആധികാരികത ഉറപ്പാക്കാനായില്ല.

22. പ്രോപ്പർട്ടി ടാക്സ് ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വസ്തുനികുതി (തൻവർഷം) | | | |
| വാർഷിക കണക്കുകൾ പ്രകാരം | 2750464 | 2342796 | 428051 |
| സഞ്ചയ പ്രകാരം | 2993486 | 2301256 | 670100 |
| വസ്തുനികുതി (കുടിശ്ശിക) | | | |
| വാർഷിക കണക്കുകൾ പ്രകാരം | 478188 | 212777 | 260688 |
| സഞ്ചയ പ്രകാരം | 468408 | 216855 | 251973 |

23. സംയുക്ത പദ്ധതികൾക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | മുന്നിരുപ്പ് | തൻവർഷ വരവ് | തൻവർഷ ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരുപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 26048 | 2606850 | 3062850 | 26048 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 680370 | 636000 | 656000 | 680370 |

24. ആർ.പി. 43 ഹെഡ് 431190102 പ്രൊഫഷൻ ടാക്സ് ട്രേഡേഴ്സ് (അരിയർ), ഹെഡ് 431300102 ലൈസൻസ് (അരിയർ) എന്നിവയിൽ യഥാക്രമം 3500/- രൂപയും, 5700/- രൂപയും വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഹെഡുകളിൽ ഡിമാന്റ് ബുക്ക് ചെയ്തിട്ടില്ല.

25. നിക്ഷേപ പ്രവൃത്തികൾക്കായി കെ.ഡബ്ല്യു.എ., കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങൾക്ക് യഥാക്രമം 337500/- രൂപയും, 16,17,376/- രൂപയും തൻവർഷം നിക്ഷേപിച്ചു നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കുകൾ ആർ.പി. 47 ൽ കെ.ഡബ്ല്യു.എ.യ്ക്ക് 15,62,500/- രൂപയും, കെ.എസ്.ഇ.ബി യ്ക്ക് 14,27,000/- രൂപയും നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

26. 118/22 കടവിളാകം അപ്രോച്ച് റോഡ് നിർമ്മാണം വാർഡ് 15 എന്ന പ്രവൃത്തിക്കായി 3,23,913/- രൂപയുടെ പാർട്ട് പേയ്മെന്റ് തൻവർഷത്തിൽ നടത്തിയിട്ടുണ്ടെങ്കിലും ഇത് ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി ഉൾക്കൊള്ളിച്ചിട്ടില്ല.

27. കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ് വരവു തുക 15442461 രൂപയും (ആർ.പി. പ്രകാരം), ചെലവു തുക 5564095 രൂപയും (സുലേഖ പ്രകാരം) ആണ്. എന്നാൽ സി.എഫ്.സി. ഫണ്ടിന്റെ പി.എഫ്.എം.എസ്. അക്കൗണ്ടിലെ നീക്കിയിരുപ്പ് (ആർ.പി. 40(ബി)) 9763228/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം പൊരുത്തപ്പെടുത്തിയില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസും ഇതുമായി പൊരുത്തപ്പെടുന്നില്ല.

28. ചുവടെ ചേർക്കുന്ന അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ലഭ്യമായില്ല

| അക്കൗണ്ട് | 31.03.2022 ലെ നീക്കിയിരുപ്പ് (എ.എഫ്.എസ് പ്രകാരം) | 31.03.2022 ലെ നീക്കിയിരുപ്പ് (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|
| 450210101 ഇന്ത്യൻ ബാങ്ക് തനത് ഫണ്ട് | 2509768 | 2729561.42 |

വാർഷിക കണക്കുകളിലെ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.29, 31, 35) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

29. എം.എൻ.ആർ.ഇ.ജി.എസ് ഫിനാൻഷ്യൽ പെർമോൻസ് സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയിട്ടുള്ള തുക 45699187/- രൂപയാണ്. വാർഷിക കണക്കുകളിൽ ഇത് 45863116/- രൂപ എന്ന് ബുക്ക് ചെയ്തിരിക്കുന്നു.

## 1-3 ഗ്രാന്റ് യൂട്ടിലൈസേഷൻ

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 25036054 | 25036054 | 21691952 | 3344102 | 87 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4614858 | 4614858 | 3210000 | 1404858 | 70 |

| | | | | | | |
|---|---|---|---|---|---|---|
| സി.എഫ്.സി. ടൈഡ് | 0 | 16370465 | 16370465 | 3782249 | 12588216 | 23 |
| സി.എഫ്.സി. അൺടൈഡ് | 0 | 5027000 | 5027000 | 1781846 | 3245154 | 35 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 25510635 | 25510635 | 13574114 | 11936521 | 53 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 10910689 | 10910689 | 5990384 | 4920305 | 55 |
| സി.എസ്.എസ് | 0 | 0 | 0 | 2648780 | 2648780 | |
| എസ്.എസ്.എസ് | 0 | 0 | 0 | 5440000 | 5440000 | |

* വികസനഫണ്ട് അലോട്ട്മെന്റിൽ നിന്നും ലൈഫ് വായ്പ (3285334രൂപ), അങ്കണവാടി ജീവനക്കാർക്കുള്ള ഓണറേറിയം (1270200രൂപ) എന്നീയിനങ്ങളിലെ തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്നതുക ഗ്രാമപഞ്ചായത്ത് പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് വരവും ചെലവും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വരവ്, ചെലവു തുകകൾ ലഭ്യമായതിലും കുറവായി രേഖപ്പെടുത്തിയിരിക്കുന്നു.

വരവ് വിശദാംശം

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് / എ.സി.ആർ പ്രകാരം | സർക്കാർ ഉത്തരവുകൾ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 25036054 | 29396207 |
| വികസനഫണ്ട് (എസ്.സി.പി) | 4614858 | 4810239 |

** ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവു തുകകൾ സർക്കാർ ഉത്തരവുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവു പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

ചെലവ് വിശദാംശം

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ സുലേഖ പ്രകാരം | എ.സി.ആർ | വാർഷിക കണക്കുകൾ പ്രകാരം (ആർ.പി.) |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 21691952 | 21691952 | 22051952 |
| കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ് | 5564095 | 6487808 | - |
| മെയിന്റനൻസ് റോഡ് | 13574114 | 16408727 | 13574114 |

*** കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-3-1 സംയുക്ത പ്രോജക്ടുകൾ-ഫണ്ട് വിനിയോഗം-അപാകതകൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. മേൽ നിർദ്ദേശം പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിലനിർത്തി പോരുന്നു. വിശദാംശം ചുവടെ

| ഹെഡ് | | 31.03.2022 ലെ നീക്കിയിരുപ്പ് |
|---|---|---|
| 320700204 | Joint Venture Projects Block Share | 680370 |
| 320700205 | Joint Venture DP Share | 26048 |
| ആകെ | | 706418 |

കൂടാതെ, 30.09.2021 ലെ നം. 86/2021/ധന സർക്കുലറിലൂടെ 2021-22 സാമ്പത്തിക വർഷത്തിൽ സംയുക്ത പദ്ധതികളുടെ തുക നിക്ഷേപിക്കുന്നതിനായി ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കണമെന്നും, 31.03.2022 തീയതിയിൽ പ്രസ്തുത അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഫണ്ട് ലഭ്യമായ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തന്നെ തിരികെ ഒടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഒരു കാരണത്താലും ടി തുക അടുത്ത സാമ്പത്തിക വർഷത്തിലേക്ക് വകയിരുത്താവുന്നതല്ലായെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ 31.03.2022 ലെ നീക്കിയിരുപ്പ് 21,823/- രൂപയാണ്. സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുക നീക്കിയിരുപ്പായി അവശേഷിക്കുന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/14.12.2022) മറുപടി ലഭ്യമാക്കിയില്ല. പരാമർശത്തിനു മറുപടി ലഭ്യമാക്കേണ്ടതാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക അടിയന്തിരമായി ബന്ധപ്പെട്ട ഫണ്ടിന്റെ ഹെഡിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 249 | 271223931 | 161 | 70850849 | - | 88 | 65 |

(എ) തൻ വർഷം നടപ്പാക്കുന്നതിന് 249 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 161എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആകെ വകയിരുത്തിയ തുകയുടെ 42% തുക മാത്രമാണ് ചെലവഴിച്ചിട്ടുണ്ട്. 58% പദ്ധതി വിഹിതം ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

(ബി) 88 പദ്ധതികൾ നടപ്പാക്കാത്തതിൽ 5 സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടുന്നു. സ്പിൽ ഓവർ ആയ വർഷം തന്നെ പദ്ധതി പൂർത്തീകരിക്കേണ്ടതാണെന്ന പദ്ധതി മാർഗ്ഗരേഖ നിർദേശം പാലിച്ചിട്ടില്ല.

(സി) അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ചതിൽ 59 പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

(ഡി) വിവിധ ലൈഫ് ഭവന നിർമ്മാണ പദ്ധതികൾക്കും വീട് മെയിന്റനൻസ് പദ്ധതികൾക്കും തുക വകയിരുത്തിയെങ്കിലും ചെലവ് ശതമാനം വളരെ കുറഞ്ഞിരിക്കുന്നു. ഉദാ. പദ്ധതി നം. 50/22, 191/22,38/22, 164/22, 165/22.

പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിന്

വികസനസെമിനാർ മിനിറ്റ്സ്, സ്റ്റാറ്റസ് റിപ്പോർട്ട് തുടങ്ങിയവ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-12-2022 തീയതിയിൽ 11.4 എ.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 460/-(നാന്നൂറ്റി അറുപത്)രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 66720 | 63 |
| കർഷക തൊഴിലാളി പെൻഷൻ | 4467400 | 284 |
| വിധവാ പെൻഷൻ | 14095400 | 941 |
| വാർദ്ധക്യകാല പെൻഷൻ | 37670800 | 2781 |
| വികലാംഗ പെൻഷൻ | 8407600 | 552 |
| വിവാഹ ധനസഹായം | 120000 | 4 |
| അവിവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 416000 | 27 |

## 1-7 ആഭ്യന്തര നിയന്ത്രണം

1) ജീവനക്കാർക്ക് ജോലിവിഭജനം നടത്തികൊണ്ടുള്ള ഓഫീസ് ഉത്തരവ് കൃത്യമായി പുറപ്പെടുവിച്ച് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിൽ ജാഗ്രത പുലർത്തുന്നുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ (2021-22) ഒരു റിവ്യൂ മീറ്റിംഗ് (28.09.2021) മാത്രമാണ് നടന്നിരിക്കുന്നത്. പ്രസ്തുത മീറ്റിംഗിൽ നിർദേശങ്ങൾ നൽകിയതായോ തീരുമാനങ്ങൾ എടുത്തതായോ രേഖപ്പെടുത്തിയിട്ടുമില്ല.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം “മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്”. 2021 വർഷത്തിൽ പൗരാവകാശരേഖ പുതുക്കി പൊതുജനങ്ങൾക്ക് ജനപ്രതിനിധികൾ മുഖേന വിതരണം ചെയ്തു എന്ന് അറിയിച്ചിട്ടുണ്ട്. 2022 ൽ പൗരാവകാശരേഖ പുതുക്കി വിതരണം ചെയ്തിട്ടില്ലാത്തതുമാണ്.

3) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/ തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതു പാലിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച് 13.12.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/22 ന് ചുവടെ ചേർക്കും പ്രകാരം മറുപടി നൽകി.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതാണ്.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കുന്നതാണ്.

സി) ILGMS സംവിധാനം നടപ്പിലായതോടെ ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടത്തുന്നതിനും അപേക്ഷകളും സേവനങ്ങളും വേഗത്തിൽ വിതരണം ചെയ്യാൻ സാധിക്കുന്നതായും അറിയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം മോണിറ്റർ ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി

മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

4) തൊഴിൽ നികുതി, ട്യൂട്ടോറിയൽ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല.

5) കെട്ടിട നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ഇനത്തിലെ വരുമാനം നഷ്ടപ്പെടുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നു.

6) പഞ്ചായത്ത് ആർജ്ജിക്കുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല.

7) ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പദ്ധതി നടപ്പാക്കിയിരിക്കുന്നു. എന്നാൽ നാളിതുവരെ പഞ്ചായത്തിൽ ബഡ്സ് സ്കൂൾ ആരംഭിച്ചിട്ടില്ല.

8) ടെൻഡർ നടപടിക്രമങ്ങൾ ആവശ്യമായിവരുന്ന നിർവ്വഹണ പ്രവൃത്തികളിൽ പ്രസ്തുത നടപടികൾ പാലിക്കാതെ പദ്ധതി നടപ്പാക്കുന്നു. കൂടാതെ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിച്ച പദ്ധതികളിൽ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

## 1-8-1 ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് റോഡ് നിർമ്മാണം - 19,65,580/- രൂപ തടസ്സം ചെയ്യുന്നു.

വർക്ക് കോഡ് - 1614001003/RC/319910 പഞ്ചായത്ത് ഓഫീസ് വാർഡിൽ നടപ്പാത നിർമ്മാണം

എം ബുക്ക് നം. - 369/2020-21

അടങ്കൽ തുക - 2265000/-

ചെലവു തുക - 19,65,580/-

ഭരണാനുമതി - തീരുമാനം നം. 3(1), 23.06.2020

എഫ്.റ്റി.ഒ നം. -1021982 - 249883/- രൂപ

-1021998 - 249883/-രൂപ

-1022056 - 244714/-രൂപ

-1022025 - 248648/-രൂപ

-1022036 - 245957/-രൂപ

-1022041 - 246164/-രൂപ

-1022051 - 45985/-രൂപ

-1022054 - 4500/-രൂപ

-1022232 - 161070/-രൂപ

ലഭ്യമല്ല - 266556/-രൂപ

ലഭ്യമല്ല - 2220/-രൂപ

പഞ്ചായത്ത് ഓഫീസ് വാർഡിൽ നടപ്പാത നിർമ്മാണം പ്രവൃത്തിയിലൂടെ ഗ്രാമപഞ്ചായത്ത് ഓഫീസ് വാർഡിലെ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ 367 M നീളത്തിൽ ഓട കോൺക്രീറ്റിംഗും, സമാന്തരമായി 3മീറ്ററിലധികം വീതിയിൽ റോഡ് കോൺക്രീറ്റിംഗും ചെയ്തിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ.

എ) റവന്യൂ പുറമ്പോക്ക് ഭുമിയിൽ റോഡ് നിർമ്മാണത്തിന് അനുവദിച്ചു കൊണ്ട്/ ഭുമി ഗ്രാമപഞ്ചായത്തിന് വിട്ടു നൽകി കൊണ്ട് റവന്യു വകുപ്പിൽ നിന്നും ഉത്തരവ് ലഭിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച രേഖകൾ പദ്ധതി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ബി) റോഡ് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കിയതിനുള്ള രേഖകൾ ലഭ്യമല്ല. ആസ്തി രജിസ്റ്റർ ലഭ്യമാക്കിയില്ല.

സി) പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ ഭാഗമായി മണ്ണും, മരവും മോഷണം പോയതായ പരാതിയിൽ വകുപ്പ് തല അന്വേഷണത്തിന് 06.07.2021 ലെ ഭരണസമിതി തീരുമാനിച്ചിരുന്നു (തീരുമാനം 1(1)). പ്രസ്തുത തീരുമാനത്തിനു മേൽ സ്വീകരിച്ച നടപടികൾ, നിലവിലെ അവസ്ഥ തുടങ്ങിയവ വ്യക്തമല്ല.

ഡി) നടപ്പാത നിർമ്മാണമെന്ന പദ്ധതി പ്രകാരം 350മീറ്ററിലധികം നീളത്തിലും 3 മീറ്ററിലധികം വീതിയിലും കോൺക്രീറ്റ് റോഡ് ആണ് നിർമ്മിച്ചിട്ടുള്ളത്. എം.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൻ കീഴിൽ ഇപ്രകാരം റോഡ് നിർമ്മിക്കുന്നതിന് അനുമതി/നിർദ്ദേശം ഉള്ളതായി കാണുന്നില്ല.

ഇ) പദ്ധതി രണ്ടു റോഡുകളെ കണക്ട് ചെയ്യുന്നതിനുള്ള പ്രവൃത്തിയായാണ് ആവിഷ്കരിച്ചിരുന്നത് എങ്കിലും, ഒരു ഭാഗത്ത് ഇപ്രകാരം കണക്ട് ചെയ്യാൻ സാധിക്കാതെ റോഡ് അവസാനിപ്പിച്ചിരിക്കുന്നു. ആയതിനാൽ ഈ റോഡിലൂടെ വാഹനങ്ങളുടെ പൂർണ്ണമായ ഗതാഗതം സാധ്യമല്ല. പദ്ധതി പ്രകാരം വിഭാവനം ചെയ്ത രീതിയിൽ റോഡ് പൂർണ്ണമാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പദ്ധതി ലക്ഷ്യം കൈവരിക്കാത്തതായും വിലയിരുത്തുന്നു.

എഫ്) റോഡ് നിർമ്മാണത്തെ തുടർന്നു ബാക്കിയുള്ള ഭുമിയിൽ തണൽ വൃക്ഷ തൈകൾ നടുന്ന പദ്ധതിയും തുടർ പദ്ധതികളായി ഗ്രാമപഞ്ചായത്ത് നിർവഹിച്ചിട്ടുണ്ട്. ഇപ്രകാരം പദ്ധതികൾ നടപ്പാക്കുന്നതിനു റവന്യു വകുപ്പിന്റെ അനുമതി ലഭ്യമായതിനുള്ള രേഖകളും ലഭ്യമായില്ല.

മേൽ അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.46/16.12.2022) മറുപടി/ രേഖകൾ ലഭ്യമാക്കിയില്ല. മറുപടി/ രേഖകളുടെ അഭാവത്തിലും, പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാത്തതിനാലും, ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത സ്ഥലത്ത് നടത്തിയ പ്രവൃത്തിയുടെ ചെലവ് അംഗീകരിക്കുന്നില്ല. മേൽ പദ്ധതി പ്രകാരം ചെലവു ചെയ്ത 19,65,580/- രൂപ പദ്ധതിക്കു ഭരണാനുമതി നൽകിയ ഭരണസമിതിയുടെയും, സെക്രട്ടറിയുടെയും ഉത്തരവാദിത്തത്തിൽ തടസ്സം ചെയ്യുന്നു. ഓഡിറ്റ് പരാമർശത്തിന് രണ്ടു മാസത്തിനുള്ളിൽ മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കാത്ത പക്ഷം ആയത് പദ്ധതി തുകയ്ക്കുണ്ടായ നഷ്ടമായി വിലയിരുത്തി കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, ചട്ടം പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

വാർഷിക ധനകാര്യപത്രികയിലെ തയ്യാറാക്കിയ വരവ് ചെലവ് ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ * | 322196 | 1195396 | 1517592 | 1516096 | 1496 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് ** | 0 | 45863116 | 45863116 | 45863116 | 0 |

* ഖണ്ഡിക 1-2 ക്രമ നം. 14 കാണുക

** ഖണ്ഡിക 1-2 ക്രമ നം. 29 കാണുക

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1.07.2022 | 01.08.2021 മുതൽ 31.03.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.06.2018 മുതൽ 16.06.2018 വരെ | 2013-14 മുതൽ 2017-18 വരെ | 10.07.2018 |

## 1-10 വസ്തു നികുതി -റദ്ദാക്കിയ സാംഖ്യ രസീതയിലെ തുക സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

2021 ഏപ്രിൽ മുതൽ 2022മാർച്ച് മാസം വരെ വസ്തു നികുതി ഇനത്തിൽ സാംഖ്യ രസീതു പ്രകാരം താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിട നികുതി ഒടുക്കിയതായി പോസ്റ്റ് ചെയ്തിരിക്കുന്നു.

| തീയതി | രസീത് നം. | വാർഡ്/കെട്ടിടം നം. | തുക |
|---|---|---|---|
| 09.07.2021 | 121040100803 | 1/408 A | 660രൂപ |
| 09.11.2021 | 121040102109 | 2/375 | 280 രൂപ |
| 17.01.2022 | 121040102760 | 17/14 Temp | 1260 രൂപ |
| 18.01.2022 | 121040102883 | 17/117 Temp | 786 രൂപ |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 06/09.12.2022 ന്, മറുപടി ലഭ്യമാക്കിയിട്ടില്ല. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും റദ്ദാക്കിയ രസീതുകൾ പ്രകാരമുള്ള തുക തുടർവർഷങ്ങളിൽ ഡിമാന്റിൽ ഉൾപ്പെടുത്തി എന്നും വരുമാനത്തിൽ കുറവ് വന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11-1 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്.

കരുംകുളം ഗ്രാമ പഞ്ചായത്ത് വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയർ(സഞ്ചയ) പ്രകാരം താഴെപ്പറയുന്ന വാർഡുകൾ പരിശോധിച്ചതിൽ 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| വാർഡ് | കെട്ടിട നം. | പേര് | ഫ്ലോർ ഏരിയ |
|---|---|---|---|
| 10 | 87 | ബഞ്ചമിൻ അസറിയാസ് (തോട്ടംപുരയിടം) | താഴത്തെ നില (80 ച മീ ) |
| 10 | 113 | എ.ബർണബാസ് (തോട്ടംപുരയിടം) | താഴത്തെ നില (71 ച മീ ) |
| 13 | 225 | ആന്റണി. എൽ(ഉരിയരിക്കുന്ന്) | താഴത്തെ നില (65 ച മീ ) |

| | | | |
|---|---|---|---|
| 14 | 148 | അന്തോണിയൂസ്.എഫ് (വേടയാന്റെ നടവ് പള്ളം പുരയിടം) | ഒന്നാം നില (70 ച മീ ) |
| 17 | 99 | എം.ജൂസ (ചെമ്പകരാമൻതുറ) | താഴത്തെ നില (130 ച മീ ) |
| 17 | 178 | മേരിദാസൻ.ജെ (ചാരത്തടിപുരയിടം, പുല്ലുവിള, | താഴത്തെ നില (65 ച മീ ) |

മേൽ അപാകത 2020-21സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഖണ്ഡിക 1-11-3ൽ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്മേൽ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/12.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഈടാക്കാത്തതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11-2 നികുതി ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തു

സഞ്ചയ സോഫ്റ്റ് വെയറിൽ 1,3,5 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട് (ഡിമാന്റ് തുക 0). വിശദാംശം ചുവടെ.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ) | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 1/342 | ക്ളീറ്റസ്സ് | പാർപ്പിടാവശ്യം | 127 | 3670/- |
| 2 | 1/17 | യേശുദാസൻ | പാർപ്പിടാവശ്യം | 130 | 2390/- |
| 3 | 1/100 | മേരിദാസൻ | പാർപ്പിടാവശ്യം | 100 | 1840/- |
| 4 | 1/331 | ക്ളീറ്റസ്സ് | പാർപ്പിടാവശ്യം | 90 | 1410/- |
| 5 | 1/82 | മോഹൻദാസ് | പാർപ്പിടാവശ്യം | 70 | 1105/- |
| 6 | 1/317 | വിദ്യാധരൻ | പാർപ്പിടാവശ്യം | 63 | 948/- |
| 7 | 3/317 | ഫ്രഡി/ശാലിനി | പാർപ്പിടാവശ്യം | 200 | 2100/- |
| 8 | 5/133 | ജോസഫർ സിനന്റ് | പാർപ്പിടാവശ്യം | 138 | 595 |

സഞ്ചയയിൽ മേൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല. മേൽ കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് നടത്താത്തതിനും ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തതിനും കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/14.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11-3 വസ്തു നികുതിയിലെ ഇളവ് -അപാകതകൾ

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഈ ഇളവ് ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റെല്ലാ റൂഫസ് എന്ന വ്യക്തിയുടെ രണ്ട് കെട്ടിടങ്ങൾക്ക് ടി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്.

| വാർഡ്/ കെട്ടിട നം | അഡ്രസ്സ് | വിസ്ത്രീർണ്ണം |
|---|---|---|
| 2/183A | റൂഫസ്സ്കോട്ടേജ്, തോപ്പിൽ പള്ളം | 88.26 ച.മീ |
| 2/184 | തോപ്പിൽ വീട്, പള്ളം | 120ച.മീ |

ആയതിന് കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (44/16.12.2022)മറുപടി ലഭ്യമാക്കിയിട്ടില്ല.

സഞ്ചയയിലെ അപാകത പരിശോധിച്ച് നികുതി ഇളവ് ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തി നൽകേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11-4 മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികിതി പിരിച്ചെടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല.

| വാർഡ് / കെട്ടിട നം. | പേര് | വസ്തു നികുതി ഈടാക്കാത്ത വർഷങ്ങൾ |
|---|---|---|
| 1/276A | ATC Telecom | 2021 I & II Half |
| 1/445 | Vayarless TT Info | 2019, 2020, 2021, I & II Half |
| 4/110 | Barathi Airtel | 2021 I & II Half |
| 9/133/A | Chinnappan Bellaries | സഞ്ചയയിൽ കളക്ഷൻ വിവരങ്ങൾ ലഭ്യമല്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/9.12.2022)മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-11 വസ്തു നികുതി അപാകതകൾ

വസ്തു നികുതി ഇനത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-12 മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)

ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മേഖലാ വിഭജനം നടത്തിയതു സംബന്ധിച്ച രേഖകൾ, ബന്ധപ്പെട്ട ഭരണസമിതി തീരുമാനം, വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തുടങ്ങിയവ ഓഡിറ്റിന് ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (33/15.12.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. മേഖല അടിസ്ഥാനമാക്കിയുള്ള മാപ്പ് തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 FTEAOS ലൈസൻസ് - അപാകതകൾ

ഫാക്ടറി, വ്യാപാര ലൈസൻസ് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

**1)ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.**

- 1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

  സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 'വാണിജ്യാവശ്യത്തിനുള്ള100ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റാറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ' എന്ന ഇനത്തിൽ മാത്രം വസ്തു നികുതി നിർണയിച്ചിട്ടുള്ള 582 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 116 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

- ഗ്രാമപഞ്ചായത്തിൽ ‘അസംബ്ളി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണമണ്ഡപം, ലോഡ്ജ്, സിനിമ തീയേറ്റർ, ’ എന്ന ഇനത്തിൽ മാത്രം വസ്തു നികുതി നിർണയിച്ചിട്ടുള്ള 9 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഒരെണ്ണം പോലും ലൈസൻസ് എടുത്തതായി ഡി & ഓ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

  മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/14.12.2022) കോവിഡ് വ്യാപനം കാരണം ബഹുഭൂരിപക്ഷം കടകളും അടഞ്ഞു കിടക്കുകയും ഓഡിറ്റോറിയങ്ങളും മറ്റും പൂർണ്ണമായും പ്രവർത്തനം ഇല്ലാതിരുന്നതിനാലാണ് പലരും ലൈസൻസിന് അപേക്ഷ നൽകാതിരുന്നത് എന്ന് മറുപടി നൽകി.

## 1-14 ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾ ക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതു വഴി പരിസ്ഥിതി/ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ട്രയ്ഡേഴ്സ് രജിസ്റ്റർ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/12.12.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം

ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 2021-22 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്നറിയിച്ചിട്ടുള്ള സാഹചര്യത്തിൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും ഭരണതലത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 12/12.12.2022 )

## 1-16 തൊഴിൽ നികുതി - അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) വകുപ്പുകൾ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ 2021-22സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ മുഴുവൻ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം (119040+587880)706920/-രൂപയാണ് തൊഴിൽ നികുതി ഇനത്തിൽ ലഭ്യമായിട്ടുള്ളത്. രണ്ടാം അർദ്ധ വാർഷിക നികുതി അടവാക്കുന്നതിന് സ്ഥാപന ഉടമ/ഓഫീസ് മേധാവി സമർപ്പിക്കുന്ന തൊഴിലാളികളുടെ ലിസ്റ്റ് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തതിന്റെ വിവരങ്ങൾ, നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ, കരാറുകാരിൽ നിന്ന് നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (30/14.12.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-17 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS”- എന്നസൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെവിവിധ സർക്കാർ വകുപ്പുകൾ. സ്ഥാപനങ്ങൾ,പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS”എന്നസൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ

ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾപ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 28/14.12.22- ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്താതെ വാഹനങ്ങൾക്കായി തുക അനുവദിക്കുന്നത് ഉത്തരവിന്റെ ലംഘനമായി മാറുന്നതിനാൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 പ്രവർത്തനരഹിതമായ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ - സർക്കാർ നിർദേശാനുസരണം ഡിസ്പോസ് ചെയ്യേണ്ടതാണ്

കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ഓഡിറ്റിന് ഹാജരാക്കിയ എക്യുപ്മെന്റ് ഡീറ്റെയിൽസ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം പഞ്ചായത്ത് ഓഫീസ്, എൻ ആർ ഇ ജി എസ് ഓഫീസ്, എൽ എസ് ജി ഡി ഓഫീസ്, വി ഇ ഒ യുടെ ഓഫീസ് എന്നിവിടങ്ങളിലായി 29 കമ്പ്യൂട്ടറുകൾ മൂന്ന് ലാപ്ടോപ്പുകൾ 14 പ്രിന്ററുകൾ 7 സ്കാനറുകൾ 4 യുപിഎസ് ഒരു ജനറേറ്റർ എന്നിങ്ങനെ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്നു. ഇവയിൽ 3 കമ്പ്യൂട്ടറുകൾ 3 പ്രിന്ററുകൾ 3 സ്കാനറുകൾ 2 യുപിഎസ് എന്നിവ പ്രവർത്തനരഹിതമായിട്ടിരിക്കുന്നു. ഉപയോഗ ശൂന്യമായ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ സർക്കാർ നിർദേശാനുസരണം ഡിസ്പോസ് ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് 13.12.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.18 ന് മറുപടിയായി നിലവിൽ ഉപയോഗശൂന്യമായ കമ്പ്യൂട്ടറിന്റെയും പ്രിന്ററിന്റെയും പ്രവർത്തനക്ഷമമായ പാർട്ട്സുകൾ ഉപയോഗത്തിലിരിക്കുന്ന സിസ്റ്റങ്ങൾ പ്രവർത്തനക്ഷമമല്ലാതാകുമ്പോൾ സ്റ്റാന്റ് ബൈ ആയി ഉപയോഗിക്കാറുണ്ടെന്നും ഈ സാമ്പത്തിക വർഷം തന്നെ ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ട് ഉപയോഗശൂന്യമായ സാധനങ്ങൾ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. E & IT വകുപ്പിന്റെ 01.10.2021-ലെ ജി.ഒ (എം.എസ്) നം.30/2021/ITD സ.ഉ (കൈ)നം.27/2018/ഐ.റ്റി.ഡി തീയതി 28.10.2018 പ്രകാരം ഉപയോഗശൂന്യമായ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ യഥാസമയം ഡിസ്പോസ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്

## 1-19 ജലജീവൻ മിഷൻ ഗാർഹിക കണക്ഷൻ നൽകൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല - 337500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ജലജീവൻ മിഷൻ ഗാർഹിക കണക്ഷൻ നൽകൽ (102/21-22) |
| അടങ്കൽ തുക | 337500/- (വികസന ഫണ്ട്)<br>225000/- (ഗുണഭോക്തൃ വിഹിതം) |
| ചെലവ് തുക | 337500/- |
| ബിൽ നം. തീയതി | 531/27.03.2022 (ACR പ്രകാരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകൾക്കും കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് നടപ്പാക്കുന്ന പദ്ധതിയിൽ മേൽ പട്ടിക പ്രകാരം പഞ്ചായത്ത് വിഹിതം വാട്ടർ അതോരിറ്റിയ്ക്ക് നൽകിയിരിക്കുന്നു. ഇതു സംബന്ധിച്ച് ചുവടെ ചേർക്കുന്ന വസ്തുതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. ഈ പ്രവൃത്തിക്ക് ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയിരുന്നെങ്കിലും ആയതു പിരിച്ചെടുത്ത്

ചെലവഴിച്ചതായി കാണുന്നില്ല.

2. പദ്ധതിയിൽ എത്ര ഗുണഭോക്താക്കളെ ഉൾപ്പെടുത്തി എന്നതിനും ഓരോ ഗുണഭോക്താവിനും അർഹമായ പദ്ധതി വിഹിതം എത്ര എന്നതും വിശദമാക്കിയില്ല.
3. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ എന്നതിനും പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങളും ലഭ്യമാക്കുന്നതിന് 13.12.2022-ലെ ഓഡിറ്റ് അന്വേഷണം 20 മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മേൽ വസ്തുതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-20 കുടിവെള്ളക്കരം ഒടുക്കുന്നതിൽ കൃത്യത വരുത്തേണ്ടതാണ്

കുടിവെള്ളക്കരം അടയ്ക്കൽ പദ്ധതി പ്രകാരം (പ്രോജക്ട് നം.132/22, നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി) CFC ഗ്രാന്റിൽ നിന്നും 839685/- രൂപ (Vr.No.XVFC 2021-22/P/3, 16.2.2022) ചെലവഴിച്ചിരിക്കുന്നു. 162 പൊതു ടാപ്പുകൾ ഉള്ളതായി വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയിരിക്കുന്നു. ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് 13.12.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.20/2022 ന് മറുപടി ലഭ്യമാക്കിയില്ല. ജലജീവൻ മിഷൻ ഗാർഹിക കണക്ഷൻ നൽകൽ പദ്ധതി നിലവിൽ വന്നതിനെ തുടർന്ന് പൊതു ടാപ്പുകളുടെ ഉപയോഗത്തിലും വെള്ളക്കരം ഇനത്തിലും കുറവു വന്നിട്ടുണ്ടോ എന്ന വിഷയത്തിലും മറുപടി ലഭ്യമാക്കിയില്ല.

വാട്ടർ അതോറിറ്റിയുടെ 2022 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ലഭിച്ച് ഡിമാന്റ് നോട്ടീസുകൾ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(എ) 2022 ജനുവരിയിലെ ഡിമാന്റ് നോട്ടീസ് പ്രകാരം

31.12.2021 ലെ നീക്കിയിരിപ്പ് : 690833/-

ഫൈൻ : 13553/-

ജനുവരിയിലെ ഡിമാന്റ് : 74426/-
ആകെ : 778812/-
ഫൈൻ ഒഴിവാക്കി 765259/- രൂപ ഒടുക്കി.

(ബി) 2022 ഫെബ്രുവരി ഡിമാന്റ് നോട്ടീസ് പ്രകാരം

31.01.2022 ലെ നീക്കിയിരിപ്പ് : 778812/-

ഫൈൻ : 15305/-

ഫെബ്രുവരിയിലെ ഡിമാന്റ് : 74426/-
ആകെ : 868543/-
ഒടുക്കിയ തുക : 74426/-

(സി) 2022മാർച്ചിലെ ഡിമാന്റ് നോട്ടീസ് പ്രകാരം

28.02.2022 ലെനീക്കിയിരിപ്പ് : 103284/-

ഫൈൻ : 1760/-

ഫെബ്രുവരിയിലെ ഡിമാന്റ് : 74426/-
ആകെ : 179470/-

ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ഡിമാന്റ് നോട്ടീസുകൾ പ്രകാരം ഫൈൻ ഈടാക്കാനുണ്ടായ സാഹചര്യവും 31.12.2021 വരെ 690883/- രൂപ കുടിശ്ശിക ഉണ്ടാകാനുള്ള കാരണവും വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നം.20/2022 , തീയതി :13.12.2022) . മേൽ വസ്തുതകൾ പരിശോധിക്കേണ്ടതും സംയുക്ത പരിശോധന നടത്തി ഉപയോഗത്തിലിരിക്കുന്ന ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കേണ്ടതും കുടിശ്ശിക ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി നടപ്പാക്കൽ - സർക്കാർ നിർദേശങ്ങൾ

## പാലിക്കേണ്ടതാണ്

വിവിധ വാർഡുകളിൽ തെരുവ് വിളക്ക് പ്രകാശിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പദ്ധതികൾ നടപ്പാക്കി.

| പദ്ധതിയുടെ പേര് നം. | അടങ്കൽ തുക | ചെലവ് തുക | ചെക്ക് നം, തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| തെരുവ് വിളക്ക് റിപ്പയർ (183/22) | 390000/- (Own Fund) | 389675/- | 6088166/2.11.21 (125988/- രൂപ)<br>6088126/2.11.21 (129737/- രൂപ)<br>5266481/20.3.22 (133950/- രൂപ) | സെക്രട്ടറി |
| തെരുവ് വിളക്ക് റിപ്പയർ (9/22) | 600000/- (Own Fund) | 424713/- | 5105044/30.3.22 (201870/- രൂപ)<br>5105045/30.3.22 (222843/- രൂപ) | സെക്രട്ടറി |

1. ഇലക്ട്രിക് സെക്ഷനിലെ അസി. എഞ്ചിനിയറുടെ അംഗീകാരത്തോടെ വൈദ്യുതി ബോർഡ് ജീവനക്കാരുടെ മേൽനോട്ടത്തിൽ മെയിന്റനൻസ് പ്രവത്തികൾ നിർവ്വഹിക്കേണ്ടതാണെന്ന് സർക്കുലർ നം 3055/D.A.3/2011/LSGD, 15.09.2011 ൽ നിർദേശിച്ചിട്ടുണ്ട്. ഈ നടപടിക്രമം പാലിച്ചിട്ടില്ല. പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യപത്രം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്) വൈദ്യുത ബോർഡ് അധികാരികളിൽ നിന്നും ലഭ്യമായിട്ടില്ല.

2. തെരുവ് വിളക്ക് രജിസ്റ്ററും അറ്റകുറ്റപണികൾ ആവശ്യമുള്ള തെരുവ് വിളക്കുകളെ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിന് പരാതി രജിസ്റ്ററും സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതു ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. അറ്റകുറ്റപണികൾക്കായി മേൽ പട്ടിക പ്രകാരം തുക വകയിരുത്തിയതിന്റെ ആവശ്യകതാ നിർണ്ണയം നടത്തിയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3. കേടായ സാധനങ്ങൾ തിരികെ ലഭ്യമാകുമ്പോൾ ആയത് രേഖപ്പെടുത്തുന്ന രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഉപയോഗശൂന്യമായ ട്യൂബ് ലൈറ്റും എൽ ഇ ഡി ബൾബും അനുബന്ധ ഇലക്ട്രിക് ഉപകരണങ്ങളും കരാറുകാരനിൽ നിന്നും ശേഖരിച്ച് സർക്കാർ നിർദേശമനുസരിച്ച് ഡിസ്പോസ് ചെയ്തതായ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം.17/2022 തീയതി :12.12.2022).

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പ്രവർത്തനങ്ങൾ സർക്കാർ നിർദേശാനുസരണം നടപ്പാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ്/മുൻകൂർ തുക നൽകിയ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം/ധനവിനിയോഗ രേഖകൾ ലഭ്യമായില്ല – 2717376/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും | തുക നൽകിയ സ്ഥാപനം | ചെലവ് തുക | ബിൽ നം. തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | ഐ.കെ.എം ന് അടയ്ക്കേണ്ട വിഹിതം (1/22) | ഐ.കെ.എം | 100000/- | 24/28.1.2022 | സെക്രട്ടറി |
| 2 | ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റ് മന്ദിര നിർമ്മാണം വിഹിതം നൽകൽ (29/22) | ചെയർ പേഴ്സൺ, ഡി.പി.സി | 200000/- | 18/29.10.2021 | |
| 3 | പി.എം.എ വിഹിതം അടവാക്കൽ (6/22) | ബ്ലോക്ക് പഞ്ചായത്ത് അതിയന്നൂർ | 700000/- | 21/20.12.2021 | |

| | | | | | |
|---|---|---|---|---|---|
| 5 | തിരുവനന്തപുരം മെഡിക്കൽ കോളേജിന് മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തൽ (184/22) | ഡിസ്ട്രിക്ട് കോ ഓർഡിനേറ്റർ, ശുചിത്വ മിഷൻ | 100000/- | 47/30.3.2022 | |
| 6 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പോസ്റ്റ് ഷിഫ്റ്റിംഗ് (131/22) | കേരള ഇലക്ട്രിസിറ്റി ബോർഡ് | 1421846/- | Vr.No.XVFC/2021-22/P/1, 11.11.2021 | |
| 7 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പോസ്റ്റ് ഷിഫ്റ്റിംഗ് (283/22) | കേരള ഇലക്ട്രിസിറ്റി ബോർഡ് | 195530/- | 6088200/20.3.22<br>5105047/30.3.22 | |
| | ആകെ | | 2717376 | | |

മേൽ പദ്ധതികളുടെ പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം / ധനവിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയവ ഹാജരാക്കി (ഓഡിറ്റ് അന്വേഷണം നം. 14/2022, തീയതി :13.12.2022 ) തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 പദ്ധതി നിർവ്വഹണം - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

| | | |
|---|---|---|
| പദ്ധതിയുടെ പേരും നമ്പരും | മെറ്റീരിയൽ റിക്കവറി സെന്റർ വൈദ്യുതീകരണം (173/21-22) | പഞ്ചായത്താഫീസിൽ സി സി റ്റി വി ക്യാമറ സ്ഥാപിക്കൽ (202/22) |
| അടങ്കൽ തുക | 51000/- (വികസന ഫണ്ട്)<br>49000/- (തനതു ഫണ്ട് ) | 150000/-(തനതു ഫണ്ട് ) |
| ചെലവ് തുക | 71862/- | 118827 |
| ബിൽ നം. തീയതി | 52/30.03.2022 | ലഭ്യമാക്കിയില്ല. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |

മേൽ പട്ടികയിലെ മെറ്റീരിയൽ റിക്കവറി സെന്റർ വൈദ്യുതീകരണം എന്ന പ്രവൃത്തി നിർവ്വഹിച്ചതിന് എ ഒൺ എജൻസീസ് എന്ന സ്ഥാപനത്തിന് 71862/- രൂപ നല്കിയിരിക്കുന്നു. പഞ്ചായത്താഫീസിൽ സി സി റ്റി വി ക്യാമറ സ്ഥാപിക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് എ സ്ക്വയർ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് 118827/- രൂപ ചെലവാക്കി പദ്ധതി നടപ്പാക്കി. ഈ പ്രവൃത്തികൾ നടപ്പാക്കുന്നതിന് ടെൻഡർ നടപടികൾ സ്വീകരിച്ചതിന്റെയോ സ്ഥാപനത്തെ തിരഞ്ഞെടുത്തത് സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിനു പരസ്യം നൽകിയതു സംബന്ധിച്ച രേഖകളും ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ ടെൻഡറുകൾ, യോഗ്യമായവയുടെ തിരഞ്ഞടുപ്പ് പ്രക്രിയകൾ തുടങ്ങിയ രേഖകളും ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.21/202 തീയതി :13.12.2022, ഓഡിറ്റ് അന്വേഷണം നം.40/2022 തീയതി : 16.12.2022 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതികൾ നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-24 ഓട ക്ലീനിംഗ് - യൂണിറ്റ് കോസ്റ്റ് പ്രകാരം ക്ലീനിംഗ് നടപ്പാക്കൽ പദ്ധതി നടത്തിപ്പിൽ അപാകതകൾ - 2226438/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ഓട ക്ലീനിംഗ് - യൂണിറ്റ് കോസ്റ്റ് പ്രകാരം ക്ലീനിംഗ് നടപ്പാക്കൽ (14/22) |
| അടങ്കൽ തുക | 2300000/- |
| ചെലവ് തുക | 2226438/- |
| ബിൽനം തീയതി | 5995661, 7.6.2021 337278/-<br>6088132, 21.7.2021 464693/-<br>2253845, 25.6.2021 199743/-<br>6088111, 8.7.2021 196268/-<br>6088130, 21.7.2021 92402/-<br>6088131, 21.7.2021 142187/-<br>6088137, 4.8.2021 60138/-<br>6088161, 12.10.2021 278663/-<br>6088167, 2.11.2021 311397/-<br>6088193, 2.3.2022 81868/-<br>6088197, 9.3.2022 61801/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

<u>പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ</u>

(എ) പദ്ധതിയുടെ യൂണിറ്റ് റേറ്റ് അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് എൽ എസ് ജി ഡി സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച് നൽകിയിരിക്കുന്നു. പദ്ധതി നടത്തിപ്പിന് സാങ്കേതിക പരിജ്ഞാനം അനിവാര്യമായിരിക്കേ ഈ പ്രവൃത്തി അസിസ്ററന്റ് എഞ്ചിനീയർ നടപ്പാക്കാതെ സെക്രട്ടറി നടപ്പാക്കിയിരിക്കുന്നു.

(ബി) പ്രവൃത്തി നിർവ്വഹണത്തിന് ടെൻഡർ ക്ഷണിക്കാതെ 5.3.2021 ലെ ഭരണസമിതി മീറ്റിംഗ് 1(10) -ാം നം തീരുമാനം പ്രകാരം ഓട ക്ലീനിംഗ് നടപ്പാക്കുന്നതിന് കോൺട്രാക്ടർമാർ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് 31.3.2022 വരെ കാലാവധിയിൽ പ്രവൃത്തി നിർവ്വഹിക്കുന്നതിന് ശ്രീ.രാജു ജെ, നെടിയകാല, പുല്ലുവിള, ശ്രീ.മണി ജെ, കളത്താന്നി ഹൌസ്, ചാണി, ശ്രീ. എസ് മുരുകൻ, എസ്.കെ. നിലയം, കാഞ്ഞിരംകുളം എന്നിങ്ങനെ മൂന്ന് കരാറുകാരെ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു. പ്രവൃത്തി നിർവ്വഹണത്തിന് ടെൻഡർ ക്ഷണിക്കാതിരുന്നതിന് കാരണം അറിയിക്കേണ്ടതാണ്. അപേക്ഷ ക്ഷണിച്ചതിന്റെ വിവരവും ആകെ ലഭിച്ച അപേക്ഷകളും, മേൽ പരാമർശിച്ച മൂന്ന് കരാറുകാരെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡവും അറിയിക്കേണ്ടതാണ്.

(സി) കരാറുകാരിൽ നിന്നും നിരതദ്രവ്യം ഈടാക്കിയില്ല. എസ്റ്റിമേറ്റ് നിരക്കിൽ തന്നെ പ്രവൃത്തി നിർവ്വഹിച്ചു.

(ഡി) 10,12 വാർഡുകളിലെ ഓട ക്ലീനിംഗ് നടത്തുന്നതിനു വേണ്ടി അസിസ്ററന്റ് എഞ്ചിനീയർ ചുമതലപ്പെടുത്തി എന്നും, പ്രവൃത്തി നടന്നു വരുന്നതിനാൽ എഗ്രിമെന്റ് സമർപ്പിക്കുന്നു എന്നും കാണിച്ച് 10.2.2021 ൽ ശ്രീ.മണി ജെ എന്ന കരാറുകാരൻ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിരിക്കുന്നു, കരാർപത്രം 13.1.2021 തീയതിയിലേതുമാണ്, കരാറിൽ തീയതി രേഖപ്പെടുത്തിയിട്ടുമില്ല. എന്നാൽ കരാറുകാരനെ തിരഞ്ഞെടുത്തുകൊണ്ട് തീരുമാനം ആയിട്ടുള്ളത് 5.3.2021 ലാണ്. കരാറുകാരനെ തിരഞ്ഞെടുക്കുന്നതിന് മുൻപ് തന്നെ പ്രവത്തി നിർവ്വഹണം ചുമതലപ്പെടുത്തുകയും കരാർ വയ്ക്കുകയും ചെയ്തിരിക്കുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

(ഇ) ശ്രീ. എസ് മുരുകൻ എന്ന കരാറുകാരൻ 30.10.2020 തീയതിയിലെ കരാർപത്രത്തിലാണ് ഒപ്പു വച്ചിരിക്കുന്നത്. ശ്രീ.രാജു ജെ എന്ന കരാറുകാരൻ കരാറിൽ ഏർപ്പെടാതെയാണ് പ്രവത്തി നിർവ്വഹിക്കുകയും ആയതിന് തുക കൈപ്പറ്റുകയും ചെയ്തിരിക്കുന്നത്.

(എഫ്) പ്രവൃത്തി നിർവ്വഹിച്ച വിവരങ്ങളും അളവുകളും എം ബുക്കൽ രേഖപ്പെടുത്താതെ അസിസ്ററന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകിയിരിക്കുന്നു.

(ജി) പ്രവൃത്തിക്കായി ആകെ 2226438/- രൂപ ചെലവഴിച്ചെങ്കിലും 2164637/- രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. 61801/- രൂപയുടെ വാല്യുവേഷൻ ഇല്ലാതെ തുക നൽകിയിരിക്കുന്നു.

മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സമാനമായ അപാകതകൾ ഉൾപ്പെടുത്തിയിരുന്നു. ആയതിൻമേൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമാണ്. മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം. 26/2022 , തീയതി :14.12.2022) മറുപടിയുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-25 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രകൃതിക്ഷോഭങ്ങൾ, അഗ്നിബാധ, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരായ പഞ്ചായത്തുനിവാസികൾക്ക് അടിയന്തിര ധനസഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിൽ അപ്രകാരമൊരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലാത്തതാണ് (ഓഡിറ്റ് അന്വേഷണം നം.19, തീയതി : 13.12.2022). സർക്കാർ നിർദേശാനുസരണം ദുരിതാശ്വാസ നിധി രൂപീകരിച്ച് ദുരിതമനുഭവിക്കുന്ന നിർദ്ധനരായ പഞ്ചായത്തുനിവാസികൾക്ക് അടിയന്തിര ധനസഹായം നൽകുന്നതിന് പഞ്ചായത്ത് ഭരണസമിതി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നില്ല

സർക്കുലർ നം.58608/ഡി.ബി.2/2009/തസ്വഭവ തീയതി 13.01.2010 ഖണ്ഡിക 3.22 പ്രകാരം ആസ്തി രജിസ്റ്റർ കാലാകാലങ്ങളിൽ മാറ്റം വരുത്തേണ്ടതും, പരിഷ്കരിക്കേണ്ടതുമാണ്. ഒരോ സാമ്പത്തിക വർഷാരംഭത്തിലും മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്കു സമർപ്പിക്കേണ്ടതും, ഭരണസമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ ആസ്തി രജിസ്റ്റർ പുതുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരം ആസ്തി രജിസ്റ്റർ പുതുക്കുന്നില്ല. നിലവിലുള്ള ആസ്തി രജിസ്റ്റർ പരിശോധനക്കു ലഭ്യമായില്ല.

തൻവർഷം നിർമ്മിച്ച വിവിധ റോഡുകൾ, നടപ്പാതകൾ, സാധനസാമഗ്രികൾ എന്നിവയൊന്നും തന്നെ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റിയിട്ടില്ല. തദ്ദേശസ്ഥാപനത്തിന്റെ ഡിജിറ്റൽ ആസ്തി രജിസ്റ്റർ പുതുക്കിയതിന്റെയും, 2021-22 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്ഥാപനം ആർജ്ജിച്ചിട്ടുള്ള വിവിധ ആസ്തികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു ഓഡിറ്റ് അന്വേഷണത്തിന് (നം.7/09.12.2022) R-track മുഖേന ആസ്തികൾ അപ്ഡേറ്റ് ചെയ്തു വരുന്നതായും, റോഡ് ആസ്തികൾ അപ്ഡേറ്റ് ചെയ്ത് വെരിഫിക്കേഷൻ കഴിഞ്ഞിട്ടുള്ളതായും, മറ്റു ആസ്തികൾ അപ്ഡേറ്റ് ചെയ്യുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നതായും മറുപടി നൽകി. ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കേണ്ടതും, നിശ്ചിത ഇടവേളകളിൽ ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. ആസ്തി വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-27 റോഡ് റീസ്റ്റൊറേഷൻ ചാർജ്ജസ് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പാമ്പുകാല ജനകീയ റോഡ്, വേളാങ്കണ്ണി മാതാ റോഡ്എന്നിവയിൽ കൂടി 0.5 മീ. വീതിയിൽ റോഡ് മുറിച്ച് വൈദ്യുതി കേബിൾ സ്ഥാപിക്കുന്നതിന് 1,80,701/- രൂപ റീസ്റ്റൊറേഷൻ ചാർജ്ജസ് ഈടാക്കി കെ.എസ്.ഇ.ബി. ക്ക്

അനുമതി നൽകിയിരുന്നതായും, എന്നാൽ കെ.എസ്.ഇ.ബി. 1.5 മീ. വീതിയിൽ റോഡ് സൈഡ് കോൺക്രീറ്റ് പൊളിച്ചിട്ടുള്ളതായും, ആയതിനാൽ ഒടുക്കിയിട്ടുള്ള റീസ്റ്റൊറേഷൻ ചാർജ്ജസ് റോഡ് പുനസ്ഥാപിക്കുന്നതിനു പര്യാപ്തമല്ലായെന്നും, റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് 6,18,000/- രൂപയുടെ അടങ്കൽ തുക ആവശ്യമായി വരുന്നൂവെന്നും, അസി. എഞ്ചിനീയർ ഭരണസമിതിയെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി 04.06.2021 ലെ 6(14) തീരുമാനത്തിലൂടെ ബാക്കിയുള്ള 4,37,299/- രൂപ പഞ്ചായത്തിൽ ഒടുക്കുന്നതിനു കെ.എസ്.ഇ.ബി. ക്കു നിർദ്ദേശം നൽകുന്നതിനും, തുക ഒടുക്കാത്ത പക്ഷം തുക ഈടാക്കുന്നതിനു മറ്റു നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത തീരുമാനത്തിനുമേൽ സ്വീകരിച്ച തുടർനടപടികൾ അന്വേഷിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം. 1/08.12.2022) മേൽ റോഡ് കെ.എസ്.ഇ.ബി. വൈദ്യുത കേബിൾ സ്ഥാപിക്കുന്നതിനായി 0.5 മീ വീതിയിൽ കുഴിക്കുന്നതിന് അനുമതി തേടിയതിൻപ്രകാരം 1,80,701/- രൂപ ഒടുക്കുവാൻ നിർദ്ദേശിച്ചിരുന്നതായും, എന്നാൽ കെ.എസ്.ഇ.ബി. 1.5 മീ വീതിയിൽ റോഡ് പൊളിച്ച് കേബിൾ ഇട്ടതിനാൽ റോഡ് ഗതാഗത യോഗ്യമല്ലാതായി തീരുകയും, 2021-22 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം. 84/23 വേളാങ്കണ്ണി മാതാ റോഡ് പദ്ധതിയിലൂടെ 1200000/- രൂപ അടങ്കലിൽ റോഡ് മെയിന്റനൻസ് ചെയ്തതായും മറുപടി നൽകി. എന്നാൽ ഭരണസമിതി തീരുമാനത്തിലൂടെ നിർദ്ദേശിച്ചിരുന്ന പ്രകാരം ബാക്കിയുള്ള റീസ്റ്റൊറേഷൻ ചാർജ്ജസ് ഈടാക്കുന്നതിനു ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. റീസ്റ്റൊറേഷൻ ചാർജ്ജസ് ഈടാക്കുന്നതിനു അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-28 പ്രവൃത്തിയിൽ നിന്നും പിൻവാങ്ങിയ കരാറുകാരൻ സമർപ്പിച്ച ഇ.എം.ഡി. തുക തനതു ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല

പ്രോ. നം. 280/22 എന്ന പദ്ധതി 07.02.2022 ൽ ടെണ്ടർ ചെയ്തതിൽ കുറഞ്ഞ നിരക്കു കാട്ട് ചെയ്ത കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും, കരാറിലേർപ്പെട്ട് പ്രവൃത്തി നിർവഹിക്കുവാൻ തയ്യാറായില്ലായെന്നും, ആയതിനാൽ ടി പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിനു 31.03.2022 ലെ ഭരണസമിതി യോഗം 6(9) ലൂടെ തീരുമാനിച്ചിരുന്നു. ഇപ്രകാരം പ്രവൃത്തിക്കായി കരാർ ചമക്കുന്നതിനു കരാറുകാരൻ തയ്യാറാകാത്ത സാഹചര്യത്തിൽ ടിയാൾ ഒടുക്കിയ ഇ.എം.ഡി തുക തനതു ഫണ്ടിലേക്ക് ഈടാക്കേണ്ടതുണ്ട്. ഇ.എം.ഡി. തുക തനതു ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതുണ്ട്. ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1/08.12.2022) കരാറുകാരന്റെ ഇ.എം.ഡി. തുക റിലീസ് ചെയ്തിട്ടില്ല എന്നു അറിയിച്ചിട്ടുണ്ട്. എന്നാൽ ടി കരാറുകാരന്റെ ഇ.എം.ഡി. തുക വസൂലാക്കു ഇതുവരെയും തനതു ഫണ്ടിൽ ഒടുക്കിയിട്ടില്ല.

പ്രവൃത്തിക്കായി ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നതിനാൽ ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്തിനു ലഭിക്കേണ്ടുന്ന തുക ഈടാക്കുന്നതിലേക്കായി വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതും, കരാറുകാരൻ ഒടുക്കിയ ഇ.എം.ഡി. തുകയായ 16,080/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിലേക്ക് മുതൽകൂട്ടേണ്ടതുമാണ്.

## 1-29 വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ തുക ചെലവഴിക്കാതെ തനതു അക്കൗണ്ടുകളിൽ നിലനിറുത്തിയിരിക്കുന്നു.

വിവിധ ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിനു ലഭ്യമായ തുക ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ വിവിധ തനതു അക്കൗണ്ടുകളിലായി നിലനിറുത്തിയിരിക്കുന്നു. വാർഷിക കണക്കുകൾ ബി4 ഷെഡ്യൂളിൽ ഇപ്രകാരം നീക്കിയിരുപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുക സംബന്ധിച്ച വിശദാംശം ചുവടെ.

| ഹെഡ് | 31.03.2022 ലെ നീക്കിയിരുപ്പു തുക |
|---|---|

| | |
|---|---|
| 320300199 ഗ്രാന്റ്സ് ഫണ്ട്സ്, കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപ്പസസ് - അതർ ഗവ. ഏജൻസീസ് | 2173904 |
| 320800101 ബനഫിഷറി കോൺട്രിബ്യൂഷൻ | 9209 |
| 320800299 ഡൊണേഷൻസ് ടു ഫ്ലഡ് | 36950 |
| 350200301 റിക്കവറീസ് പേയബ്ൾ - കോവിഡ് | 132400 |

തുകകൾ ഏതു ഇനത്തിലേതാണെന്നും, തുക ചെലവഴിക്കാതെ നീക്കിയിരുപ്പായി നിലനിറുത്തിയിട്ടുള്ളതിനുള്ള കാരണവും വിശദമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/14.12.2022) മറുപടി ലഭ്യമാക്കിയില്ല. തുകകൾ എന്തു ആവശ്യത്തിനു ലഭ്യമായതാണെന്നു പരിശോധിച്ചു ഉറപ്പാക്കേണ്ടതും, വിനിയോഗിക്കുവാൻ സാധിക്കാത്ത തുകകൾ അടിയന്തിരമായി ബന്ധപ്പെട്ട വ്യക്തികൾ/ ഏജൻസികൾക്ക് തിരികെ ലഭ്യമാക്കേണ്ടതുമാണ്.

## 1-30 ബാധ്യതാ ഹെഡിലെ തുകകൾ ഒടുക്കാതെ തനത് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.

വാർഷിക കണക്കുകളിലെ ബി 9 ഷെഡ്യൂൾ പ്രകാരം സർക്കാർ/ഇതര സ്ഥാപനങ്ങളിലേയ്ക്ക് ഒടുക്കേണ്ടുന്ന തുകകൾ, ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കാതെ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു. വിശദാംശം ചുവടെ.

| ഹെഡ് | 31.03.2022 ലെ നീക്കിയിരുപ്പ് |
|---|---|
| 350200115 റിക്കവറീസ് പേയബിൾ- ഡ്യൂസ് ടു അതർ പഞ്ചായത്ത്സ് | 3000 |
| 350300104 ഗവ. &അതർ ഡ്യൂസ് പേയബിൾ - സർവീസ് ടാക്സ് | 1684 |
| 350300109 ഗവ. &അതർ ഡ്യൂസ് പേയബിൾ - റീഫണ്ട് ഓഫ് അൺ യൂട്ടിലൈസ്ഡ് ഗ്രാന്റ്സ് ഓഫാ പ്രയർ പിരീഡ് | 153228 |
| 350300116 ഗവ. &അതർ ഡ്യൂസ് പേയബിൾ - ഫ്ലഡ് സെസ്സ് | 1170 |

മേൽ തുകകൾ ഏതൊക്കെ ഇനങ്ങളിലെ ബാധ്യതകളാണെന്നതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.29/14.12.2022) മറുപടി ലഭ്യമാക്കിയില്ല. ബാധ്യതയായ തുകകൾ ഏതു ഫണ്ടിൽ നിന്നുള്ളതാണെന്ന് ഉറപ്പാക്കി, ബന്ധപ്പെട്ട ഹെഡുകളിലേക്ക് അടിയന്തിരമായി ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-31 1.16 കോടിയുടെ മുൻകൂറുകൾ ക്രമീകരിക്കാനവശേഷിക്കുന്നു.

വാർഷിക കണക്കുകൾ ബി 18 ഷെഡ്യൂളിൽ ചുവടെ ചേർക്കും പ്രകാരം തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ഹെഡ് | 31.03.2022 ൽ ക്രമീകരിക്കാനവ ശേഷിക്കുന്ന തുക |
|---|---|
| 460100101 ഫെസ്റ്റിവൽ അഡ്വാൻസ് | 27600 |
| 460100199 അതർ അഡ്വാൻസസ് | 50000 |

| | |
|---|---|
| 460500201 ഡെപ്പോസിറ്റ് വിത്ത് കേരള വാട്ടർ അതോറിറ്റി | 2384700 |
| 460500202 ഡെപ്പോസിറ്റ് വിത്ത് കേരള ഇലക്ട്രിസിറ്റി ബോർഡ് | 8206098 |
| 460500501 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് | 971246 |
| ആകെ | 11639644 |

ഇതിൽ 27600/- രൂപ ഓണം അഡ്വാൻസ് ഇനത്തിൽ ജീവനക്കാർക്ക് അനുവദിച്ച ശേഷം തിരികെ ഈടാക്കാത്തതും, 1,05,90,798/- രൂപ വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നിവയിൽ വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ച ശേഷം പ്രവൃത്തി പൂർത്തിയാക്കി ക്രമീകരിക്കാത്തവയുമാണ്. 460100199 അതർ അഡ്വാൻസസ്, 460500501 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് എന്നീ ഹെഡുകളിലായി അനുവദിച്ചിട്ടുള്ള മുൻകൂറുകളും ഏത് ഇനത്തിൽ ഏത് ഉദ്യോഗസ്ഥനു നൽകിയതാണെന്നു വ്യക്തമല്ല. അഡ്വാൻസ് രജിസ്റ്റർ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയിട്ടുള്ള തുകകൾ ഏതൊക്കെ പ്രവൃത്തികൾക്കായി നിക്ഷേപിച്ചിട്ടുള്ളതാണെന്ന് വ്യക്തമല്ല. പ്രവൃത്തികളുടെ വിശദാംശം, നിക്ഷേപിച്ചു നൽകിയതിൽ പൂർത്തിയായ പ്രവൃത്തികളുടെ വിശദാംശം, വിനിയോഗ സാക്ഷ്യപത്രം തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമല്ല. തുക ക്രമീകരിക്കാത്തതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/14.12.2022) മറുപടി ലഭ്യമാക്കിയില്ല.

ഓണം അഡ്വാൻസ് ഇനത്തിൽ പിരിഞ്ഞു കിട്ടുവാനുള്ള തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും അടിയന്തിരമായി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. 460100199 അതർ അഡ്വാൻസസ്, 460500501 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് എന്നീ ഹെഡുകളിലായി അനുവദിച്ചിട്ടുള്ള മുൻകൂറുകൾ സംബന്ധിച്ചും, അവ ക്രമീകരിച്ചതു സംബന്ധിച്ചുമുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

വിവിധ ആവശ്യങ്ങൾക്കായി നിക്ഷേപിച്ചു നൽകിയ ശേഷം ദീർഘകാലമായി പ്രവൃത്തി പൂർത്തീകരിക്കാത്തതും, പൂർത്തീകരണ രേഖകൾ ലഭ്യമാക്കി ചെലവു തുക ക്രമീകരിക്കാത്തതും പദ്ധതി തുകയുടെ ദുർവിനിയോഗമായി തന്നെ വിലയിരുത്താവുന്നതാണ്. നിക്ഷേപ പ്രവൃത്തികൾക്കായി ഒരു കോടിയിലധികം തുക വിവിധ ഏജൻസികളിൽ നിലനിർത്തിയിരിക്കുന്നതും, പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ, വിനിയോഗ രേഖകൾ ലഭ്യമാക്കാത്തതും ഭരണ വകുപ്പ് മുഖാന്തിരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, അടിയന്തിരമായി പ്രവൃത്തികൾ പൂർത്തീകരിച്ച് തുക ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുക ക്രമപ്പെടുത്തിയ വിശദാംശം (പ്രവൃത്തിയുടെ പേര്, നിക്ഷേപിച്ച തുക, വിനിയോഗിച്ച തുക, നീക്കിയിരുപ്പ് തുക തുടങ്ങിയവയുൾപ്പെടെ) ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-32 ഗ്രാമപഞ്ചായത്തിന്റെ ആദായത്തിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കുന്നു

ഗ്രാമപഞ്ചായത്ത് ഇന്ത്യൻ ബാങ്കിൽ 6678818647 എന്ന അക്കൗണ്ട് നമ്പറിൽ 50,00,000/- രൂപ സ്ഥിര നിക്ഷേപം നടത്തിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത സ്ഥിരനിക്ഷേപത്തിന് ബാങ്ക് 2,26,764/- രൂപ പലിശ അനുവദിച്ചിട്ടുണ്ടെങ്കിലും 2,01,309/- രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു ലഭ്യമായിട്ടുള്ളത്. ബാക്കിയുള്ള 25,455/- രൂപ 9890003579 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി ബാങ്ക് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 35/15.12.2022) മറുപടി ലഭ്യമാക്കിയില്ല. എന്നാൽ റ്റി.ഡി.എസ്. ഇനത്തിൽ ബാങ്ക് ഈടാക്കിയതാണെന്ന് അറിയിക്കുകയുണ്ടായി.

സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസിന്റെ 29.05.2017 ലെ സർക്കുലർ നം. 18/2017 (നം. 385/01/2015-ഐ.റ്റി(ബി)) പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ വരുമാനത്തെ റ്റി.ഡി.എസ്. ന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ

നിന്നും റ്റി.ഡി.എസ്. ഈടാക്കിയത് ക്രമവിരുദ്ധമാണ്. ആദായനികുതി റ്റി.ഡി.എസ്. ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഈടാക്കിയിട്ടുള്ള തുക തിരികെ ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്. മുൻ സാമ്പത്തിക വർഷങ്ങളിലെ ബാങ്ക് സ്റ്റേറ്റ്മെന്റും പരിശോധിക്കേണ്ടതും, ഇപ്രകാരം റ്റി.ഡി.എസ്. ഈടാക്കിയിട്ടുള്ള പക്ഷം പ്രസ്തുത തുകയും തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുകയോ ഇന്ധനം നിറച്ച വിവരം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.**

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഓരോ പ്രാവശ്യവും നിറച്ച ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടത്തുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

**2. ഇന്ധനക്ഷമത ടെസ്റ്റ് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല.**

ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്തു നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-34 ഐ.സി.ഡി.എസ്സ്. സൂപ്പർവൈസറുടെ പദ്ധതികൾ പൂർത്തിയാക്കാതെ അവശേഷിക്കുന്നു.

കരുംകുളം ഗ്രാമപഞ്ചായത്തിൽ 2021-2022 സാമ്പത്തിക വർഷത്തിലെ ഐ.സി.ഡി.എസ്സ്. സൂപ്പർവൈസറുടെ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിട്ടും അവ പ്രാവർത്തികമാക്കാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ

| ക്രമ നം. | പ്രോ. നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|---|
| 1 | 19 | ഭിന്നശേഷികുട്ടികളുടെ കായിക കലാമത്സരം | 75000 രൂപ | 0 |
| 2 | 20 | വനിതകൾക്ക് കരാട്ടെ പരിശീലനം | 100000രൂപ | 0 |

| | | | | |
|---|---|---|---|---|
| 3 | 22 | ജാഗ്രതാ സമിതി ജെന്ററ്ഡെസ്ക് പ്രവർത്തനങ്ങൾ | 420000രൂപ | 0 |
| 4 | 23 | ഭിന്നശേഷി വനിതകൾക്കുള്ള പകൽവീട് പ്രവർത്തനങ്ങൾ | 500000രൂപ | 0 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 41 ന് മറുപടി ലഭ്യമാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് നിയന്ത്രണങ്ങൾ നിലവിലുണ്ടായിരുന്നതിനാൽ ഭിന്നശേഷികുട്ടികളുടെ കായിക കലാമത്സരം, വനിതകൾക്ക് കരാട്ടെ പരിശീലനം എന്നിവ നടത്താൻ സാധിച്ചില്ല. സാമൂഹ്യ അവബോധ പരിപാടികൾ നടപ്പിലാക്കുന്നതിന് നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാലാണ് ജാഗ്രതാ സമിതി ജെന്ററ്ഡെസ്ക് പ്രവർത്തനങ്ങൾ നടത്താൻ കഴിയാതിരുന്നത്. പ്രോജക്ട് നമ്പർ 23 ഭിന്നശേഷി വനിതകൾക്കുള്ള പകൽവീട് പ്രവർത്തനങ്ങൾ മാർഗ്ഗരേഖ പ്രകാരം നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതി ആയിരുന്നില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ഓരോ സാമ്പത്തിക വർഷത്തിലെയും പ്രോജക്ടുകളുടെ രൂപരേഖ തയാറാക്കുമ്പോൾ പ്രായോഗികതലത്തിൽ നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികളാകണം ആസൂത്രണം ചെയ്യേണ്ടത്. തുകകൾ ചെലവഴിക്കാതെ അവശേഷിക്കുമ്പോൾ പഞ്ചായത്തിന് നടപ്പിലാക്കാൻ കഴിയുമായിരുന്ന മറ്റു പദ്ധതികളുടെ സാധ്യതകളാണ് അടയുന്നത്. ആയതിനാൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ വേണ്ടത്ര ജാഗ്രത പുലർത്തേണ്ടതാണ്.

## 1-35 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 154867/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. -SOO61/22

പ്രോജക്ടിന്റെ പേര് -സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ഡവലപ്പ്മെന്റ് പ്രോജക്ട്.

അടങ്കൽ തുക -312500രൂപ(വികസന ഫണ്ട്)

നിർവ്വഹണഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ.

നാല് മുതൽ ആറ് മാസം വരെ പ്രായമുള്ള പശുകുട്ടികൾക്കുള്ള കാലിത്തീറ്റ പകുതി വിലയ്ക്ക് ക്ഷീര സംഘങ്ങൾ വഴി നല്കുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി ബിൽ നം.9തീ.28.10.21 പ്രകാരം SLBP തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടർക്ക് 312500രൂപ നല്കിയിട്ടുണ്ട്. ആയതിൽ 157633 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു. ശേഷിക്കുന്ന 154867രൂപയുടെ വിനിയോഗം സംബന്ധിച്ച് നല്കിയ എൻക്വയറി നം.36ന്റെ മറുപടിയിൽ പദ്ധതി പൂർത്തിയായിട്ടില്ലെന്നും ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 ഗവ.എൽ.പി. സ്കൂൾ ഹാൾ വൈദ്യുതീകരണം -അപാകതകൾ 47493/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ- SO186/22

പ്രോജക്ടിന്റെ പേര്-ഗവ.മുഹമ്മദൻ എൽ.പി. സ്കൂൾ ഹാൾ വൈദ്യുതീകരണം.

അടങ്കൽ തുക- 50000/- (വികസനഫണ്ട്)

ചെലവ് തുക-47493/-

നിർവ്വഹണ ഉദ്യോഗസ്ഥ- ഹെഡ്മിസ്ട്രസ്സ്.

ഗവ.മുഹമ്മദൻ എൽ.പി. സ്കൂൾ ഹാൾ വൈദ്യുതീകരണം എന്ന പ്രോജക്ടിനായി 50000/-

രൂപ അനുവദിച്ചു.പ്രസ്തുത പ്രോജക്ടിനായി ഗുണഭോക്തൃസമിതിയോഗം ചേരുകയും ടി സമിതിയിൽ നിന്നും ഹെഡ്മിസ്ട്രസ്സിനെ കൺവീനറാക്കി എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരെഞ്ഞെടുത്തിരുന്നു.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തി ചെയ്യാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരഞ്ഞെടുത്തെങ്കിലും കരാറുകാരൻ മുഖേന ആണ് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്.

2.പദ്ധതി നടത്തുന്നതിനായി എക്സിക്യൂട്ടിവ് കമ്മിറ്റിയിൽ ചെയർമാനെ തെരഞ്ഞെടുത്തില്ല.

3.പ്രവൃത്തി ചെയ്യുന്നതിന് കരാർ ഉടമ്പടി ചമച്ചിട്ടുണ്ടെങ്കിലും ,സുരേഷ് .ടി എന്ന കരാറുകാരൻ മുഖാന്തിരമാണ് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്.

4.പ്രവൃത്തിയുടെ M Book പരിശോധിച്ചതിൽ, പ്രവൃത്തി ഇനങ്ങളുടെ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രവൃത്തിയ്ക്ക് അനുവദിച്ച പ്രവൃത്തി ഇനങ്ങളുടെ തുക ശരിയായ നിരക്കിലാണോയെന്ന് വ്യക്തമാകുന്നില്ല.

5. ആദായ നികുതി 457/-രൂപ ഒഴികെ ശ്രീ.സുരേഷ് ടി. എന്ന കരാറുകാരന് നല്കിയ 44753 രൂപയുടെയും, 2284രൂപയുടെയും ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നം.24 ന് രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. ഗുണഭോക്തൃസമിതി വഴിയുള്ള പ്രവൃത്തി കരാറുകാരനെ ഉപയോഗിച്ച് പൂർത്തീകരിച്ചതിനാലും, ചെലവ് രേഖകളുടെ അഭാവത്താലും ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-37 ചെലവഴിച്ച തുകയ്ക്ക് മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല-75190/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ-SOO32/22

പ്രോജക്ടിന്റെ പേര്-ഗവ.ഹോമിയോ ഡിസ്പെസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക-200000 രൂപ (മെയിന്റനൻസ് ഫണ്ട്-Non Road)

നിർവ്വഹണ ഉദ്യോഗസ്ഥ- മെഡി.ഓഫീസർ (ഹോമിയോ)

ഗ്രാമപഞ്ചായത്തിലെ ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങുന്നതിനു വേണ്ടിയാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്.പ്രസ്തുത പദ്ധതിക്കായി 200000/- വകയിരുത്തിയിരുന്നു.ബിൽ നം. 1/22 തീ 3.11.21 പ്രകാരം 72330രൂപയ്ക്കും, ബിൽ നം.2 തീ.13.10.21 പ്രകാരം 52480 (ആകെ-124810രൂപ)രൂപയ്ക്കും മാത്രമാണ് ഹോംകോയിൽ നിന്നും നാളിതുവരെ മരുന്ന് ലഭ്യമായത്. ശേഷിക്കുന്ന തുകയ്ക്കു മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച് നല്കിയ എൻക്വയറി നം.5ന് ,ശേഷിക്കുന്ന 75190 രൂപയ്ക്കുള്ള മരുന്നുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതായി ഹോംകോയിൽ നിന്നും അറിയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി. ശേഷിക്കുന്ന തുകയ്കുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കി 75190 /-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 ആശുപത്രി സബ്സെന്റർ വാടക-പദ്ധതി നടത്തിപ്പിലെ അപാകത-7000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ-SOO48/22

പ്രോജക്ടിന്റെ പേര്-ആശുപത്രി സബ്സെന്റർ വാടക

അടങ്കൽ തുക-14000 രൂപ(മെയിന്റനൻസ് ഫണ്ട്- Non Road)

ചെലവ് തുക- 7000/-(Bill No.36.dtd 22.3.2022)

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡി.ഓഫീസർ (സി.എച്ച്.സി)

പുല്ലുവിള കുടുംബാരോഗ്യ കേന്ദ്രത്തിന്റെ വാടക നല്കുന്നതിനായിട്ടാണ് മേൽ പദ്ധതി നടപ്പിലാക്കിയത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ കെട്ടിടത്തിന്റ

വാല്യുഷേൻ നടത്തുകയോ, വാടക കരാർ ചമയ്കുകയോ ചെയ്തിട്ടില്ല.കൂടാതെ കെട്ടിടത്തിന്റെ ഉടമസ്ഥ ശ്രീമതി ആൻസി മാത്യു എന്ന വ്യക്തി വാടക തുക കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (37/16.12.2022) രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. പദ്ധതി നടത്തിപ്പിലെ അപാകത/രേഖകളുടെ അഭാവം എന്നീ കാരണങ്ങളാൽ 7000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-39 ലൈഫ് ഭവന പദ്ധതി-കരാർ കാലാവധി അവസാനിച്ചിട്ടും പണി പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതിയിൽ കരാറിൽ ഏർപ്പെട്ട് തുകകൈപ്പറ്റിയിട്ടും നാളിതുവരെ വീട് പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം [VEO- സൂക്ഷിച്ചിരുന്ന രജിസ്റ്റർ ലൈഫ് (ജനറൽ), ലൈഫ് (SCP)]ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | തുക കൈപറ്റിയതിന്റെ വിവരം |
|---|---|---|---|
| 1 | ഷൈല | 9 | ആദ്യഗഡു -3.8.21<br>അവസാന ഗഡു-30.11.22<br>കൈപറ്റിയ തുക-300,000 |
| 2 | ഡെയ്സി സോളമൻ | 9 | ആദ്യഗഡു -3.1.21<br>അവസാന ഗഡു-17.6.21<br>കൈപറ്റിയ തുക-260000 |
| 3 | ദാസൻ | 15 | ആദ്യഗഡു -22.8.20<br>അവസാന ഗഡു-5.2.21<br>കൈപറ്റിയ തുക-300000 |
| 4 | ബേബി സുനിൽ | 9 | ആദ്യഗഡു -11.8.20<br>അവസാന ഗഡു-18.1.21<br>കൈപറ്റിയ തുക-360,000 |
| 5 | താർസിലി | 9 | ആദ്യഗഡു -29.2.2020<br>അവസാന ഗഡു-<br>കൈപറ്റിയ തുക-40000 |
| 6 | വിമല | 9 | ആദ്യഗഡു -13.12.19<br>അവസാന ഗഡു-<br>കൈപറ്റിയ തുക-40000 |
| 7 | ക്ലൈസി ക്ലീറ്റസ് | 14 | ആദ്യഗഡു -13.12.19<br>അവസാന ഗഡു-25.2.2020<br>കൈപറ്റിയ തുക-360,000 |
| 8 | സിന്ധു.എം | 9 | ആദ്യഗഡു -13.12.2019 |

| | | | |
|---|---|---|---|
| | | | അവസാന ഗഡു-5.6.2020<br>കൈപറ്റിയ തുക-360,000 |
| 9 | ബെനഡിക്ട് | 8 | ആദ്യഗഡു -19.1.21<br>അവസാന ഗഡു-22.6.21<br>കൈപറ്റിയ തുക-360000 |
| 10 | റോസി | 9 | ആദ്യഗഡു -25.1.2021<br>അവസാന ഗഡു-17.3.21<br>കൈപറ്റിയ തുക-160,000 |

മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 49 ന്റെ മറുപടിയിൽ കരാർ പ്രകാരം കാലവധി അവാസാനിച്ചപ്പോൾ തുക തിരികെ നല്കാൻ നോട്ടീസ് നല്കുകയും തുക തിരികെ നല്കാത്തതിനാൽ 25.3.2022 ലെ A3 1933/22 കത്ത് പ്രകാരം ഭരണസമിതിയെ അറിയിച്ച് മേൽ ഗുണഭോക്താക്കളുടെ യോഗം വിളിക്കുകയും തുടർന്ന് എല്ലാവർക്കും സമയപരിധി നീട്ടി നല്കുകിയതായും വി.ഇ.ഒ അറിയിച്ചു. മേൽ ഗുണഭോക്താക്കൾ ഭവനം നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 ടേക്ക് എ ബ്രേക്ക് - 29.6 ലക്ഷം രൂപ ചെലവിൽ നവീകരിച്ച കെട്ടിടം പൂട്ടിയിട്ടിരിക്കുന്നു. - ചെലവു തുക തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം. 153/22 കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് പുല്ലുവിള പൊതു ടോയ് ലറ്റ് നവീകരണം (എസ്സിഎം.2)

അടങ്കൽ തുക - 2561347 ധനകാര്യ കമ്മിഷൻ അവാർഡ്

420000 സ്വച്ഛ് ഭാരത് മിഷൻ ഫണ്ട്

ചെലവു തുക - 2540353 ധനകാര്യ കമ്മിഷൻ അവാർഡ്

420000 സ്വച്ഛ് ഭാരത് മിഷൻ ഫണ്ട്

ബിൽ നം. - 5/18.11.2021 - 2462178/- രൂപ

- 57/31.03.2022 - 78175/- രൂപ

ചെക്ക് നം. - 5105043/30.03.2022- 420000/- രൂപ

നിർവഹണാധികാരി - അസിസ്റ്റന്റ് എഞ്ചിനീയർ

പുല്ലുവിള എന്ന സ്ഥലത്ത് നിലവിലുണ്ടായിരന്ന പൊതു ടോയ്ലെറ്റ് ശുചിത്വമിഷന്റെ സഹായത്തോടെ നവീകരിച്ച് കൂടുതൽ മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. 21.08.2020 ലെ ഭരണസമിതിയോഗം 8(6) തീരുമാനത്തിലൂടെ ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടേക്ക് എ ബ്രേക്ക് കെട്ടിട നിർമ്മാണം 13.08.2021 ൽ പൂർത്തീകരിക്കുകയും, 27.11.2021 ലെ ഭരണസമിതിയോഗം 8(22) തീരുമാനത്തിലൂടെ ഇതിന്റെ പ്രവർത്തന ചുമതല നിധി കുടുംബശ്രീ യൂണിറ്റിനെ ഏൽപ്പിച്ചും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ടേക്ക് എ ബ്രേക്ക് ഇതുവരെ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല.

ടേക്ക് എ ബ്രേക്ക് ഇതുവരെ ഉപയോഗപ്രദമാക്കാത്തതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/15.12.2022) ടേക്ക് എ ബ്രേക്കിന്റെ ചുമതല നിധി കുടുംബശ്രീ യൂണിറ്റിനു നൽകിയതിനെ തുടർന്ന് പ്രസ്തുത സംഘം ഗ്രാമപഞ്ചായത്തു സെക്രട്ടറിയുമായി 01.02.2022 തീയതിയിൽ കരാറിലേർപ്പെട്ടിട്ടുള്ളതായും, എന്നാൽ ടേക്ക് എ ബ്രേക്ക് കെട്ടിടം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ ഉടമസ്ഥാവകാശത്തെ ചൊല്ലി പഞ്ചായത്തും സെന്റ് ജേക്കബ് ചർച്ച് അധികൃതരുമായി തർക്കം നിലനിൽക്കുന്നതിനാൽ ഇതു വരെ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ലായെന്നും സി.ഡി.എസ്. ചെയർപഴ്സൺ മറുപടി നൽകി.

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് നിലവിലുണ്ടായിരുന്ന ടോയ്‌ലെറ്റ് കോംപ്ലക്സ് നവീകരിച്ച് ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി ഒരുക്കുന്നതിലേക്ക് മാത്രമായി തൻവർഷം ഗ്രാമപഞ്ചായത്ത് 29,60,353/- രൂപ ചെലവു ചെയ്തിട്ടുണ്ട്. പദ്ധതിക്കായി തനതു ഫണ്ടിൽ നിന്നും മറ്റു തുകകളും വിനിയോഗിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത്/കെട്ടിടത്തിൽ ഭീമമായ തുക ചെലവു ചെയ്ത് പ്രവൃത്തികൾ നിർവഹിക്കുന്നതിനു മുൻപായി ഇതു സംബന്ധിച്ച വിഷയങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോ, നിർവഹണാധികാരിയോ ഭരണസമിതിയെ ബോധ്യപ്പെടുത്തിയതായി കാണുന്നില്ല. ടേക്ക് എ ബ്രേക്ക് പ്രവർത്തനക്ഷമമാക്കുന്നതിനായി മേൽ ഉദ്യോഗസ്ഥരോ ഭരണസമിതിയോ തുടർനടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. ഓഡിറ്റ് അന്വേഷണത്തിലെ (നം.48/17.12.2022) ഇതു സംബന്ധിച്ച പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ല.

സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായി ആവിഷ്കരിക്കപ്പെട്ട ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി വിനിയോഗിച്ച 29.6 ലക്ഷം രൂപ പദ്ധതി ആവിഷ്കരിച്ചതിലെ അപാകതകൾ കാരണം നിഷ്ക്രിയമായതായി വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് ഭീമമായ തുക ചെലവഴിച്ച് കെട്ടിട നവീകരണം/നിർമ്മാണം നടത്തിയതു ഗുരുതരമായ കൃത്യവിലോപവും ഫണ്ട് വിനിയോഗത്തിലെ അലംഭാവവുമായി വിലയിരുത്തുന്നു. മേൽ പദ്ധതി പ്രകാരം ചെലവു ചെയ്ത 29,60,353/- രൂപ പദ്ധതിക്കു ഭരണാനുമതി നൽകിയ ഭരണസമിതിയുടെയും, സെക്രട്ടറിയുടെയും, നിർവഹണാധികാരിയുടെയും ഉത്തരവാദിത്തത്തിൽ തടസ്സം ചെയ്യുന്നു. സർക്കാർ വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി നൽകുന്ന പണം ഫലപ്രദമായി ഉപയോഗിക്കാതെ പാഴ്ച്ചെലവാകുന്നത് ഗുരുതരമായ ഉപേക്ഷയും ധനവിനിയോഗത്തിലെ പാളിച്ചയുമായി വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തിന് രണ്ടു മാസത്തിനുള്ളിൽ തൃപ്തികരമായ മറുപടി ലഭ്യമാക്കാത്ത പക്ഷം ആയത് പദ്ധതി തുകയ്ക്കുണ്ടായ നഷ്ടമായി വിലയിരുത്തി കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, ചട്ട പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര് | സുലേഖ എക്സപന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടങ്കൽ | സുലേഖ എക്സപന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 17/22 സ്നേഹസ്പർശം -മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 463125 | 456000 |
| | 50/22 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി ജനറൽ | 1762319 | 1376850 |
| | 51/22 ലൈഫ് സമ്പൂർണ്ണഭവനപദ്ധതി പട്ടികജാതി അഡിഷണൽ ലിസ്റ്റ് | 1700000 | 1080000 |
| | 189/22 ലക്ഷം വീട് കോളനി വീട് പുനരുദ്ധാരണം | 320000 | 40000 |
| | 35/22 സമഗ്രക്ഷീര വർദ്ധിനി-പാലിന് സബ്സിഡി | 200000 | 110000 |
| | ആകെ | 5539444 | 3062850 |
| ബ്ലോക്ക്പഞ്ചായത്ത് | 50/22 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി ജനറൽ | 1200000 | 20000 |
| | 164/22 ലൈഫ് ഭവനനിർമ്മാണം (എസ്.സി) | 800000 | 40000 |
| | 189/22 ലക്ഷം വീട് കോളനി വീട് പുനരുദ്ധാരണം | 160000 | 20000 |
| | 17/22 സ്നേഹസ്പർശം -മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 463125 | 456000 |
| | 35/22 സമഗ്രക്ഷീര വർദ്ധിനി-പാലിന് സബ്സിഡി | 200000 | 100000 |
| | 53/22 വിശപ്പ് രഹിത കേരളം-ജനകീയ ഹോട്ടൽ | 20000 | 20000 |
| | **ആകെ** | **5583125** | **656000** |

എ.എഫ്.എസ് പ്രകാരം

| ഫണ്ടിനം | മുന്നിരുപ്പ് | തൻവർഷ വരവ് | ആകെ | തൻവർഷ ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 26048 | 2606850 | 2632898 | 3062850 | 26048 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 680370 | 636000 | 1316370 | 656000 | 680370 |

* ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് തുകകൾ പൊരുത്തപ്പെടാത്തത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/14.12.2022) ന് മറുപടി ലഭ്യമാക്കിയില്ല. വ്യത്യാസം പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പോസ്റ്റ് ഷിഫ്റ്റിംഗ് 131/22 | 1421846 |
| 2 | കെ.എസ്.ഇ.ബി | പോസ്റ്റ് ലൈൻ എക്സ്റ്റൻഷൻ, ഷിഫ്റ്റിംഗ് 283/22 | 195530 |
| ആകെ | | | 1617376 |

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | കെ.ഡബ്ല്യു.എ. | ജല ജീവൻ മിഷൻ ഗാർഹിക കണക്ഷൻ നൽകൽ 102/22 | 337500 |
| ആകെ | | | 337500 |

എ.എഫ്.എസ് പ്രകാരം

| | 2020-21 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം * | ആകെ | ചെലവ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 6779098 | 14,27,000 | 8206098 | 0 | 8206098 |
| കെ.ഡബ്ല്യു.എ | 822200 | 15,62,500 | 2384700 | 0 | 2384700 |

* യഥാർത്ഥ നിക്ഷേപവും വാർഷിക കണക്കുകൾ പ്രകാരമുള്ള നിക്ഷേപവും തമ്മിൽ പൊരുത്തപ്പെടാത്തത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/14.12.2022) ന് മറുപടി ലഭ്യമാക്കിയില്ല. വ്യത്യാസം പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം./തീയതി | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക * | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (തൻവർഷ ബി5 പ്രകാരം) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | - | 2900000 | 17769277 | രേഖപ്പെടുത്തിയിട്ടില്ല. | | 20669277 |

* ലൈഫ് വായ്പാ തിരിച്ചടവ് ഇനത്തിൽ സർക്കാർ പദ്ധതി തുകയിൽ നിന്നും ആകെ 32,85,334/- രൂപ കുറവു ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകക്ക് സുലേഖയിൽ പദ്ധതി ചെലവ് രേഖപ്പെടുത്താത്തതിനാൽ വായ്പാ തിരിച്ചടവ് നടത്താത്തതായി വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. വായ്പാ തിരിച്ചടവ് വികസന ഫണ്ട്, എസ്.സി.പി. വിഭാഗങ്ങളിലായി ആകെ 32,85,334/- രൂപ ആണ്. വായ്പയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് വായ്പ രജിസ്റ്റർ സൂക്ഷിക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 4-5 സ്ഥിരനിക്ഷേപം

| സ്ഥിര നിക്ഷേപ തുക | സ്ഥിര നിക്ഷേപം നടത്തിയിട്ടുള്ള ബാങ്ക് | നിക്ഷേപത്തിന്റെ നമ്പർ |
|---|---|---|
| 50,00,000/- | ഇന്ത്യൻ ബാങ്ക് | 6678818647 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമായില്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 42,07,238 |
| ഓഡിറ്റ് വർഷത്തെ വരവ് | 11,40,72,278 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 10,37,15,202 |
| നീക്കിയിരിപ്പ് | 1,45,64,314 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,04,91,797 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-8-1 | 19,65,580 | ശ്രീ. സന്തോഷ് കുമാർ പി.ബി., സെക്രട്ടറി<br>ഭരണസമിതി അംഗങ്ങൾ എന്നിവർക്ക് തുല്യമായി |
| 1-19 | 3,37,500 | ശ്രീ. സലിൽ എ സോണി, സെക്രട്ടറി |
| 1-22 | 27,17,376 | ശ്രീ. സലിൽ എ സോണി, സെക്രട്ടറി |
| 1-24 | 22,26,438 | 1492709/- ശ്രീ. സന്തോഷ് കുമാർ പി.ബി., സെക്രട്ടറി<br>733729/- ശ്രീ. സലിൽ എ സോണി, സെക്രട്ടറി |
| 1-35 | 1,54,867 | ശ്രീ. സുമിൽ ബി.എസ്, വെറ്റിനറി സർജൻ |
| 1-36 | 47,493 | ശ്രീമതി. ഗിരിജ ഒ, ഹെഡ് മിസ്ട്രസ്സ് |
| 1-37 | 75,190 | ശ്രീമതി. സീമ മുരളി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-38 | 7,000 | ഡോ. മംഗള എസ്, മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |
| 1-40 | 29,60,353 | ശ്രീ. സന്തോഷ് കുമാർ പി.ബി., സെക്രട്ടറി<br>ശ്രീ. അരുൺ ജെ പ്രതാപ്, അസിസ്റ്റന്റ് എഞ്ചിനീയർ<br>ഭരണസമിതി അംഗങ്ങൾ എന്നിവർക്ക് തുല്യമായി |
| **ആകെ** | **1,04,91,797** | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സലിൽ എ സോണി,<br>സെക്രട്ടറി | | കാർത്തിക, മുടവൂർപ്പാറ,<br>ബാലരാമപുരം – 695501 |
| ശ്രീ. സന്തോഷ് കുമാർ പി.ബി.,<br>സെക്രട്ടറി | | സൗപർണ്ണിക, പുഴയോരം ലൈൻ<br>തിരുവല്ലം പി.ഒ. |
| ശ്രീ. സുമിൽ ബി.എസ്,<br>വെറ്റിനറി സർജൻ | | റെഹഫോത്ത്,<br>കാഞ്ഞിരംകുളം, 695524 |
| ശ്രീമതി. ഗിരിജ ഒ,<br>ഹെഡ് മിസ്ട്രസ്സ് | | ജി.എസ്. ഭവൻ, ഓടൽ<br>കരുംകുളം, പുതിയതുറ പി.ഒ. |
| ശ്രീമതി. സീമ മുരളി,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) | | 194, ഒരു വാതിൽകോട്ട,<br>ആനയറ പി.ഒ.,<br>തിരുവനന്തപുരം |
| ഡോ. മംഗള എസ്,<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. | | ഗോകുലം, തേവരത്തു<br>കോട്ടക്കൽ കോളനി,<br>ഫോർട്ട് തിരുവനന്തപുരം 695023 |
| ശ്രീ. അരുൺ ജെ പ്രതാപ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | | പ്രതാപിൽ ഹൗസ്, കാച്ചാണി,<br>നെട്ടയം പി.ഒ. – 695013 |
| ശ്രീ. ജി ഹെസ്റ്റിൻ,<br>ഭരണസമിതി അംഗം | | ജി.എസ്. നിവാസ്, ഇരയിമ്മൻ തുറ പുരയിടം,<br>പുല്ലുവിള, പുല്ലുവിള പി.ഒ – 695526 |
| ശ്രീമതി. ഗീതാകുമാരി എം,<br>ഭരണസമിതി അംഗം | | പാൺകിണർകെട്ടിയ വീട്,<br>കരുംകുളം<br>പുല്ലുവിള പി.ഒ. – 695526 |
| ശ്രീമതി. ഫ്രീഡ സൈമൺ,<br>ഭരണസമിതി അംഗം | | ഹാപ്പിഹോം, പുതിയതുറ<br>പുതിയതുറ പി.ഒ. – 695526 |
| ശ്രീ. അനിൽ വി സലം,<br>ഭരണസമിതി അംഗം | | എ.വി.എസ്. ഭവൻ,<br>പാമ്പുകാല,<br>കരുംകുളം, പുതിയതുറ പി.ഒ. - 695526 |
| ശ്രീ. അരുൺ എസ്,<br>ഭരണസമിതി അംഗം | | പുളിനിന്നതട്ട് പുരയിടം,<br>കരുംകുളം,<br>പുതിയതുറ പി.ഒ. – 695526 |
| ശ്രീ. ജി. അനിൽകുമാർ,<br>ഭരണസമിതി അംഗം | | ധന്യ, പാമ്പുകാല, കരുംകുളം,<br>പുതിയതുറ പി.ഒ – 695526 |

| | | |
|---|---|---|
| ശ്രീ. കെ.ആർ കലാറാണി, ഭരണസമിതി അംഗം | | പരുത്തുപ്പാറ വീട്, കരുംകുളം, പുതിയതുറ പി.ഒ. - 695526 |
| ശ്രീ. സെൽവൻ എ, ഭരണസമിതി അംഗം | | മേടവിളാകം, കരുംകുളം പുതിയതുറ പി.ഒ. – 695526 |
| ശ്രീ. ബിജു പൗളിൻ, ഭരണസമിതി അംഗം | | വലിയവിളാകം, കൊച്ചുതുറ പുതിയതുറ പി.ഒ – 695526 |
| ശ്രീമതി. ക്രിസ്തുദാസി, ഭരണസമിതി അംഗം | | ആറ്റുലയിൻ ഹൗസ്, പുതിയതുറ, പുതിയതുറ പി.ഒ. – 695526 |
| ശ്രീമതി. പുഷ്പം വിൻസെന്റ്, ഭരണസമിതി അംഗം | | ചെക്കിട്ടവിളാകം പുതിയതുറ, പുല്ലുവിള – 695526 |
| ശ്രീമതി. റെജിസ്സ്മേരി ജെസ്സി, ഭരണസമിതി അംഗം | | താഴെവീട്ടുവിളാകം പുതിയതുറ, പുല്ലുവിള – 695526 |
| ശ്രീമതി. ശ്യാമ സെബാസ്റ്റ്യൻ, ഭരണസമിതി അംഗം | | ഉരിയരിക്കുന്ന് പുരയിടം പുതിയതുറ, പുല്ലുവിള പി.ഒ. – 695526 |
| ശ്രീമതി. ഷൈനി എം, ഭരണസമിതി അംഗം | | പള്ളംപുരയിടം, പള്ളം പുല്ലുവിള പി.ഒ. – 695526 |
| ശ്രീമതി. സ്മിത ആൻഡ്രൂസ്, ഭരണസമിതി അംഗം | | യാഗാ കോട്ടേജ്, പഴയതുറപുരയിടം, പുല്ലുവിള, പുല്ലുവിള പി.ഒ. – 695526 |
| ശ്രീ. വിൻസെന്റ് സെബാസ്റ്റ്യൻ, ഭരണസമിതി അംഗം | | പി.പി.വിളാകം പുല്ലുവിള, പുല്ലുവിള പി.ഒ. |
| ശ്രീമതി. പ്രിൻസി തദയൂസ്, ഭരണസമിതി അംഗം | | ചാരത്തടി പുരയിടം പുല്ലുവിള പി.ഒ. |
| ശ്രീമതി. അൽബീന റോബിൻസൺ, ഭരണസമിതി അംഗം | | കുട്ടിവിളാകം, പുല്ലുവിള പുല്ലുവിള പി.ഒ. 695526 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 19999-00 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 |

| | | |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 2 |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 8 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 1 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 3 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 5 |
| 2010-11 & 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 13 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 3 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.7/1191/2018 തീ. 2-6-18 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/955/2019 തീ. 14.6.2019 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/955/2019 തീ. 14.6.2019 | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/328/19 തീയതി 12.11.19 | 23 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/496/20 തീയതി 04.05.20 | 21 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/703/21 തീയതി 09.04.2021 | 57 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1015/22 തീയതി 30-06-2022 | |

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്